AKPCTA

കേരളാ പ്രൈവററ്

# കോളേജ് ടീച്ചർ

1994

ജനുവരി

No. 117

# കത്തുകൾ

## ഒന്നാംവർഷപരീക്ഷ വേണ്ടെന്നോ?

പ്രീഡിഗ്രിക്കും ഡിഗ്രിക്കും ഇപ്പോൾ നടത്തിവരുന്ന ഒന്നാംവർഷ പരീക്ഷകൾ വേണ്ടെന്നുവയ്ക്കാനുള്ള കേരളായുണിവേഴ്സിററി സിൻഡിക്കേററിന്റെ തീരുമാനം ഒരു തുഗ്ളക് പരിഷ്കാരം മാത്രമല്ലേ? കോളേജിൽ ചേരുന്ന വിദ്യാർത്ഥികൾ രണ്ടുവർഷംവരെ യാതൊരു വിലയിരുത്തലിനും വിധേയരാകുന്നില്ലെന്നത് ശരിയാണോ? മററു യൂണിവേഴ്സിററികൾ സെമസ്ററർ സമ്പ്രദായവും മററും ഏർപ്പെടുത്തി കൂടുതൽ പരിക്ഷകൾ നടത്തുമ്പോൾ ഇവിടെ ഉള്ളതുകൂടി എടുത്തുകളയുന്നത് ഗുണംചെയ്യുമോ? ആരുടെ താൽപര്യം സംരക്ഷിക്കാനാണിത്?

ഈ തീരുമാനമെടുത്ത കേരള യുണിവേഴ്സിററി സിൻഡിക്കേററിൽ തെരഞ്ഞെടുക്കപ്പെട്ട പതിമൂന്നുപേരിൽ അഞ്ചുപേർ മാത്രമാണുണ്ടായിരുന്നത്. മൊത്തം പങ്കെടുത്തിരുന്നവരിൽത്തന്നെ രണ്ടുപേർ ഈ തീരുമാനത്തെ എതിർത്തിരുന്നു. ചുരുക്കത്തിൽ പതിനെട്ടു സിൻഡിക്കേററംഗങ്ങളിൽ പത്തുപേരും ഇതിനെതിരായിരുന്നു. മാത്രമല്ല സെനററ്, അക്കാദമിക് കൗൺസിൽപോലുള്ള സമുന്നതസമിതികളുടെ അഭിപ്രായവും തേടിയിട്ടില്ല. ഇങ്ങനെ തിടുക്കത്തിൽ തീരുമാനമെടുത്ത് അടിച്ചേൽപിക്കുന്ന നടപടിയെ അദ്ധ്യാപകരും എതിർക്കണമെന്നാണ് എന്റെ അഭിപ്രായം.

**ബി. ശ്രീകുമാർ**
ചേർത്തല

## ഹാഷ്മിയെ ഓർക്കുക

കോളേജധ്യാപകർ പ്രത്യേകം ഓർക്കേണ്ട പേരാണ് സഫ്ദർ ഹാഷ്മി. ദില്ലിയിലെ സക്കീർ ഹുസൈൻ കോളേജിലും പിന്നീട് ഗർവാളിലെയും ശ്രീനഗറിലെയും യൂണിവേഴ്സിററികളിലും അദ്ദേഹം അധ്യാപകനായിരുന്നു. ഹാഷ്മിയുടെ നേതൃത്വത്തിൽ 'ജനനാട്യമഞ്ച്'' ഒരു സ്ഥിരമായ ജനകീയ തെരുവുനാടകപ്രസ്ഥാനമായി ശക്തിപ്രാപിക്കുകയുണ്ടായി. ജനനാട്യമഞ്ചിന്റെ തെരുവുനാടകം ദില്ലിക്കടുത്ത് അഭിനയിച്ചുകൊണ്ടിരിക്കുമ്പോഴാണ് 1989 ലെ പുതുവത്സരപ്പിറവിയിൽ ഹാഷ്മിയെ ഭരണകക്ഷി രാഷ്ട്രീയക്കാർ ആക്രമിച്ചുകൊന്നത്. സാംസ്കാരിക പ്രവർത്തനത്തിനിടയിൽ രക്തസാക്ഷിത്വം വരിച്ച സഫ്ദറിന്റെ നാടകങ്ങളെല്ലാം തൊഴിലാളികളുടെ പ്രശ്നങ്ങളും പ്രയാസങ്ങളുമാണ് എടുത്തുകാട്ടിയത്. ഇന്ത്യയിൽ പണിയെടുക്കുന്നവന്റെ അവസ്ഥ ഇന്ന് കൂടുതൽ ദുരിതമയമാണ്. ഈ സാഹചര്യത്തിൽ തൊഴിലാളികൾക്കുവേണ്ടി ഹാഷ്മി നടത്തിയ സാംസ്കാരിക പ്രവർത്തനം ഏറെറടുത്ത് മുന്നോട്ടുകൊണ്ടുപോകാൻ കോളേജധ്യാപകർ തയ്യാറാകണം.

**എൻ. കെ. ആസാദ്**
പാലക്കാട്

# ഫീസ് വർദ്ധിപ്പിക്കരുത്

പ്രീഡിഗ്രി മുതൽ മെഡിക്കൽ-എഞ്ചിനീയറിംഗ് കോളേജുകളിൽ വരെ എല്ലാത്തരം ഫീസും മൂന്നിരട്ടിമുതൽ ആറിരട്ടിവരെ ഒററയടിക്ക് കേരള സർക്കാർ കൂട്ടിയിരിക്കയാണ്. മുമ്പെങ്ങും ഇത്ര ഭീമമായ ഫീസ് വർദ്ധന കേരളത്തിലുണ്ടായിട്ടില്ല. പെട്ടെന്നിങ്ങനെ കുത്തനെ ഫീസുകൂട്ടാനുള്ള പ്രത്യേക കാരണങ്ങളൊന്നും ഇവിടെ ഉണ്ടായിട്ടില്ല. സർക്കാരിൻെറ ഈ നിലപാടുമൂലം അടുത്തവർഷം മുതൽ പല രക്ഷിതാക്കൾക്കും തങ്ങളുടെ കുട്ടികളെ കോളേജു വിദ്യാഭ്യാസത്തിന് അയയ്ക്കേണ്ടെന്നു തീരുമാനിക്കേണ്ടിവരും.

പണമില്ലാത്തവൻ പഠിക്കേണ്ട എന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്- സ്വാശ്രയ കോളേജുകൾ സ്ഥാപിക്കുന്നതിൽ തുടങ്ങിയ നീക്കം ഇപ്പോഴിതാ കോളേജു വിദ്യാഭ്യാസത്തെ മൊത്തത്തിൽ ബാധിച്ചിരിക്കുന്നു. അധ്യാപക നിയമനത്തിലും, വിദ്യാർത്ഥിപ്രവേശനത്തിലും സ്വകാര്യ മാനേജുമെൻറുകൾ കോഴ വാങ്ങുന്നതുപോലെ സർക്കാരും കോഴപ്പിരിവിനിറങ്ങിയിരിക്കയാണ്.

അദ്ധ്യാപകരും രക്ഷിതാക്കളും സർക്കാരിൻെറ ഈ സമീപനത്തെ ചെറുത്തുതോല്പിക്കാൻ മുന്നിട്ടിറങ്ങണം. എല്ലാവർക്കും വിദ്യാഭ്യാസം ലഭിക്കാനവകാശമുണ്ടെന്നാണ് ഭരണഘടന പറയുന്നത്. പക്ഷെ അതിവിടെ ലംഘിക്കപ്പെടുന്നു. വിദ്യാഭ്യാസവും അതുവഴി തൊഴിലും എല്ലാം ഇനി സമ്പന്നർക്കായി സംവരണം ചെയ്യപ്പെടുകയാണ്. വിദ്യാഭ്യാസ രംഗത്ത് 'സ്വതന്ത്രകമ്പോളം' സ്ഥാപിക്കാനുള്ള ആസൂത്രിത നീക്കത്തിനെതിരെ സമരം ഉയർന്നു വരേണ്ടതുണ്ട്. □


എഡിററർ
വി. എൻ. മുരളി

മാനേജിംഗ് എഡിററർ
കെ. പി. ദിവാകരൻ നായർ

പത്രാധിപസമിതി
വി. നാരായണൻകുട്ടി
കെ. സദാശിവൻനായർ
പി. ജി. ചന്ദ്രശേഖരൻനായർ
സി. ജെ. ശിവശങ്കരൻ
ടി. എൻ. മനോഹരൻ
ജെ. ചന്ദ്ര
രാജേന്ദ്രൻ
ജോണി, കെ. ജോൺ

വിലാസം
എഡിററർ
വസന്തം
ചെമ്പകശേരി നഗർ
കേശവദാസപുരം
തിരുവനന്തപുരം-4
ഫോൺ- 442242

മാനേജിംഗ് എഡിററർ
അശ്വതി
എൽ. ഐ. സി. ലയിൻ 'ബി'
പട്ടം
ഫോൺ : 432505

# പ്രതിഫലം വർദ്ധിപ്പിക്കണം

പരീക്ഷാപേപ്പർ പരിശോധനക്ക് അധ്യാപകർക്കുള്ള പ്രതിഫലം വർഷങ്ങൾക്കുമുമ്പ് നിശ്ചയിച്ചതാണെന്നും ഉടൻതന്നെ വർദ്ധിപ്പിക്കണമെന്നും എകെപിസിടിഎ ജനറൽ സെക്രട്ടറി പ്രൊഫ കെ സദാശിവൻ നായർ ആവശ്യപ്പെട്ടു. കേരള മഹാത്മാഗാന്ധി സർവകലാശാലകളിൽ പരീക്ഷസംബന്ധിച്ചു നടന്ന ചർച്ചകളിലാണ് ജനറൽ സെക്രട്ടറി ഈ ആവശ്യം ഉന്നയിച്ചത്.

1993 മാർച്ച്—ഏപ്രിൽ പരീക്ഷകളുടെ ഉത്തരക്കടലാസ് അഞ്ചും ആറും മാസംവരെ യൂണിവേഴ്സിറ്റികളിൽ കെട്ടിവച്ചിരിക്കുകയായിരുന്നു. ഇപ്പോഴും അതിന്റെ റിസൽററ് വന്നിട്ടില്ല ഇതിന്റെ പൂർണ്ണ ഉത്തരവാദിത്വം യൂണിവേഴ്സിറ്റികൾക്കാണ്. ഉത്തരക്കടലാസുകൾ അധ്യാപകർക്ക് എത്തിച്ചുകൊടുക്കുന്നതിൽ വീഴ്ചവന്നിട്ടുണ്ടെന്നും ഇനിമേൽ ഇത് ആവർത്തിക്കില്ലെന്നും യൂണി: അധികൃതർ പറഞ്ഞു.

1993 വരെ അധ്യാപകർക്ക് നല്കാനുള്ള എല്ലാ പരീക്ഷാപ്രതിഫലം കുടിശ്ശികയും ഉടൻതന്നെ കൊടുത്തു തീർക്കണമെന്നും ജനറൽ സെക്രട്ടറി ആവശ്യപ്പെട്ടു. ഒന്നാംവർഷ പ്രീഡിഗ്രി, ഡിഗ്രി പരീക്ഷകൾ നിർത്തലാക്കാനുള്ള യൂണിവേഴ്സിററികളുടെ ഏകപക്ഷീയമായ തീരുമാനത്തിൽ സംഘടന പ്രതിഷേധിച്ചു 1994ലെ കേരളാ യൂണിവേഴ്സിററി പരീക്ഷാകലണ്ടറിൽ ഉത്തരക്കടലാസ് പരിശോധനയുടെ സമയപരിധി, പരീക്ഷാഫലപ്രഖ്യാപനം എന്നിവ ഉൾപ്പെടുത്തിയിട്ടില്ലെന്നും സംഘടനാപ്രതിനിധികൾ ചൂണ്ടിക്കാട്ടി.

ചർച്ചയിൽ എ കെ പി സി ടി എ പ്രതിനിധീകരിച്ച് മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ജനറൽ സെക്രട്ടറി, വൈസ്പ്രസിഡൻറ്, പ്രൊഫ ജോർജ് സെബാസ്ററ്യൻ എന്നിവരും കേരളസർവ്വകലാശാലയിൽ ജനറൽ സെക്രട്ടറി, പ്രൊഫ. കെ. പി. ദിവാകരൻ നായർ എന്നിവരും പങ്കെടുത്തു. □

---

എ കെ പി സി ടി എ അക്കാദമിക് കമ്മററി വർക്ക്ഷോപ്പ്

## സിലബസ്—കരിക്കുലം—പരീക്ഷ

നിലവിലിരിക്കുന്ന സിലബസ്സിലും കരിക്കുലത്തിലും, പരീക്ഷാരീതിയിലും കാര്യമായ മാററം വരുത്താതെ, ഉന്നതവിദ്യാഭ്യാസരംഗത്ത് മാററം വരികയില്ല. അതുപോലെ പരമ്പരാഗത കോഴ്സുകളിലും മാററം ഉണ്ടാകണം. ഇതിന് നേതൃത്വം നല്കാൻ എ കെ പി സി ടി എ അക്കാദമിക് കമ്മററി കൈക്കൊണ്ട തീരുമാനം പ്രവർത്തക സമിതി അംഗീകരിച്ചു. ഈ വർഷം മൂന്ന് വർക്ക്ഷോപ്പുകൾ എ കെ പി സി ടി എ അക്കാദമിക് കമ്മിററി സംഘടിപ്പിക്കും. ഫിസിക്കൽ സയൻസ്—കോട്ടയം, ലൈഫ് സയൻസ്—കോഴിക്കോട്, ഇക്കണോമിക്സ്—കൊല്ലം എന്നിങ്ങനെയാണ് വർക്ക്ഷോപ്പുകൾ നടക്കുക.

എല്ലാ അധ്യാപകരും ഈ വർക്ക്ഷോപ്പുകൾ വിജയിപ്പിക്കുന്നതിനായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. □

ഡോക്ടർ കെ. രാമചന്ദ്രൻ നായർ*

# ഇന്ത്യയും ഡങ്കൽ നിർദ്ദേശങ്ങളും

പുത്തൻ സാമ്പത്തികനയവുമായി മുന്നോട്ടുപോകാൻ തന്നെയാണ് ഗവൺമെന്റിന്റെ തീരുമാനമെന്ന് കേന്ദ്ര ധനമന്ത്രി ഡോക്ടർ മൻമോഹൻ സിംഗ് വ്യക്തമാക്കിക്കഴിഞ്ഞു. സ്വകാര്യവൽക്കരണം, ഉദാരവൽക്കരണം, ആഗോളവൽക്കരണം എന്നീ മൂന്ന് ഘടകങ്ങൾ ചേർന്നതാണ് അന്താരാഷ്ട്ര നാണയനിധിയും ലോകബാങ്കും ഇന്ത്യയോട് നിർദ്ദേശിച്ചിട്ടുള്ള ഘടനാപരമായ പരിഷ്കാരങ്ങൾ. വരുമാനം കൂട്ടി, ചെലവ് ചുരുക്കി ഫിസ്കൽക്കമ്മി നിയന്ത്രിക്കാനുള്ള നടപടികൾ വിചാരിച്ചതുപോലെ വിജയിച്ചിട്ടില്ല എന്ന് ധനമന്ത്രി തന്നെ പറയുന്നു. വിദേശ കറൻസി നിക്ഷേപത്തിൽ വൻ വർദ്ധനവ് പ്രതീക്ഷിക്കുന്നു. അത് നടക്കണമെങ്കിൽ വിദേശ കമ്പനികളും നിക്ഷേപകരും ഇന്ത്യയിൽ നിന്നും കൂടുതൽ ഉദാരവൽക്കരണ നടപടികൾ പ്രതീക്ഷിക്കുന്നു. ആഗോളവൽക്കരണത്തിന്റെ ഭാഗമായി ഇന്ത്യയുടെ ആഭ്യന്തര കമ്പോളം തുറന്നിടാൻ ശക്തമായ സമ്മർദ്ദമുണ്ട്. ഇവിടെയാണ് ഡിസംബർ പതിനഞ്ചാംതീയതി സമാപിക്കുന്ന ഡങ്കൽ നിർദ്ദേശങ്ങളെക്കുറിച്ചുള്ള ചർച്ചകൾ ശ്രദ്ധ പിടിച്ചുപറ്റുന്നത്. എന്താണീ ഡങ്കൽ നിർദ്ദേശങ്ങൾ? അവ മൂന്നാം ലോക രാജ്യങ്ങളെ എങ്ങനെ ബാധിക്കും? ഇന്ത്യയിൽ അതിന്റെ പ്രത്യാഘാതങ്ങൾ എന്തായിരിക്കും?

അന്താരാഷ്ട്ര ചരക്ക് വാണിജ്യം, താരിപ്പുകൾ എന്നിവയുടെ ക്രമീകരണത്തിന് വേണ്ടി ബഹുകക്ഷിയടിസ്ഥാനത്തിൽ കൂട്ടായ ചർച്ചകൾവഴി എല്ലാ അംഗരാജ്യങ്ങൾക്കും സ്വീകാര്യമായ നടപടിക്രമങ്ങളും കീഴ്‌വഴക്കങ്ങളും ഉണ്ടാക്കാനാണ് ഗാട്ട് (G.A.T.T.) എന്ന സംവിധാനം ഉണ്ടാക്കിയിട്ടുള്ളത്. പരസ്പരം വാണിജ്യയുദ്ധം നടത്തിയാൽ ആർക്കും ഒന്നും നേടാൻപറ്റില്ലായെന്ന് പഴയകാലചരിത്രം തെളിയിക്കുന്നു. അതുകൊണ്ടാണ് രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ഗാട്ട് സ്ഥാപിക്കാൻ തീരുമാനിച്ചത്. എന്നാൽ, കൂട്ടായ ചർച്ചകൾ വഴി താരിപ്പുകൾ പരമാവധി കുറച്ച് ഒരു സ്വതന്ത്ര വാണിജ്യ ഘടനയുണ്ടാക്കാനാണ് അമേരിക്കയെപ്പോലുള്ള സമ്പന്നരാജ്യങ്ങൾ ശ്രമിച്ചത്. സമ്പന്നരാജ്യങ്ങൾക്ക് ഗുണം ചെയ്യുന്ന വാണിജ്യ താരിപ്പ് നയങ്ങൾ വികസ്വര രാജ്യങ്ങൾക്ക് ഗുണകരമല്ലെന്ന് വ്യക്തമായപ്പോൾ ഒരു പ്രത്യേക സംഘടനയ്ക്ക് രൂപം നൽകാനുള്ള ശ്രമമായി. അങ്ങനെയാണ് വാണിജ്യത്തിനും വികസനത്തിനും വേണ്ടിയുള്ള യു. എൻ. കോൺഫറൻസിന് (U N C.T.A.D) അടിത്തറ പാകാൻ വികസ്വര രാജ്യങ്ങൾ തയ്യാറായത്. ഇതിൽ ഇന്ത്യ നിർണ്ണായകമായ ഒരു പങ്കാണ് വഹിച്ചത്. എന്നാൽ, ശക്തമായി പൊന്തിവന്ന അഭിപ്രായഭിന്നതകൾകാരണം ഈ പ്രസ്ഥാനത്തിന് വളരാൻ സാധിച്ചില്ല. ഇത് കണക്കിലെടുത്തുകൊണ്ട് ഗാട്ടിന്റെ സമ്മേളനങ്ങളിൽ സ്വതന്ത്രവാണിജ്യ ഘടന സ്ഥാപിക്കാനുള്ള ശക്തമായ നീക്കങ്ങൾ തുടങ്ങി.

ആഗോള സമ്പദ് വ്യവസ്ഥയിലും വിപണിയിലും വികസിത രാജ്യങ്ങളും വികസ്വര രാജ്യങ്ങളും പങ്കെടുക്കുന്നുവെങ്കിലും അവയ്ക്ക് പൊതുവായ ഒരു സമാന കളിക്കളമോ നടപടിക്രമങ്ങളോ ഇല്ല. ഭീമൻ കുള്ളനെ നേരിടുന്നതുപോലെയാണ് വികസിത രാജ്യങ്ങൾ വികസ്വര രാജ്യങ്ങളെ നേരിട്ടത്. അസമത്വത്തിൽ അധിഷ്ഠിതമായ ഒന്നാണ് ആഗോള സമ്പദ്‌വ്യവസ്ഥയെന്ന് ചുരുക്കം. ഇത്തരത്തിലുള്ള ഒരു വ്യവസ്ഥിതിയിൽ വാണിജ്യ താരിപ്പ് നടപടിക്രമങ്ങളിൽ നീതി പുലർത്തുക വിഷമം പിടിച്ച പ്രക്രിയയാണ്. അമേരിക്കൻ പ്രസിഡന്റായിരുന്ന കെന്നഡി തുടങ്ങി

*ധനശാസ്ത്രവിഭാഗം മേധാവി, കേരളസർവകലാശാല

## നാട്ടിക കോളേജിൽ സെമിനാർ

നാട്ടിക എസ് എൻ. കോളേജ് എ കെ പി സി ടി എ അക്കാദമിക് സെല്ലിന്റെ ആഭിമുഖ്യത്തിൽ "ഏകീകൃത സർവ്വകലാശാലാ ബില്ലും ഉന്നത വിദ്യാഭ്യാസവും" എന്ന വിഷയത്തെക്കുറിച്ച് ഒരു സെമിനാർ നടത്തി. പ്രിൻസിപ്പൽ ഡോ. സുധാകുമാരി അദ്ധ്യക്ഷത വഹിച്ചു. എം. ജി. യൂണിവേഴ്സിറ്റി മുൻ സിൻഡിക്കേറ്റംഗം പ്രൊഫ. ജോയി കുളവേലി പ്രബന്ധം അവതരിപ്പിച്ചു. വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് ഡോ. വി. കെ. ഗോപി എം. ആർ. വിനോദ്, കെ. ടി. ശ്രീനാഥ്, മസൂദ് കെ. വിനോദ്, പ്രൊഫ. ഇ.എ. ആന്റണി, പ്രൊഫ. എ.എം. കൃഷ്ണൻ എന്നിവർ സംസാരിച്ചു.

വച്ച ഒന്നാം റൗണ്ട് ചർച്ചകളാണ് ഗാട്ടിന്റെ ഭാവി തീരുമാനിച്ചത്. തുടർന്ന് ആറ് റൗണ്ട് ചർച്ചകൾ കഴിഞ്ഞിട്ടും ആഗോള വാണിജ്യ ഘടനയിലുണ്ടായിരുന്ന അസമത്വം കൂടുതൽ വഷളായതേയുള്ളൂ. 1986 സെപ്തംബറിൽ തുടങ്ങിയ ഉറുഗ്വേ റൗണ്ടായിരുന്നു എട്ടാമത്തെ റൗണ്ട്. ഇതിന്റെ പരിസമാപ്തിയാണ് ഡിസംബർ പതിനഞ്ചാംതീയതി ഉണ്ടാകാൻ പോകുന്നത്. മറ്റെല്ലാ റൗണ്ടുകളേക്കാളും ദീർഘവും സങ്കീർണ്ണവുമായ ചർച്ചയ്ക്ക് ഉറുഗ്വേ റൗണ്ട് കളമൊരുക്കി. ഇതിന് കാരണം ഗാട്ടിന്റെ മാനേജിംഗ് ഡയറക്ടർ പദവി ഈയടുത്തകാലത്ത് വിട്ടൊഴിഞ്ഞ ആർതർ ഡങ്കൽ തയ്യാറാക്കിയ കരട് റിപ്പോർട്ടായിരുന്നു. 1991 ഡിസംബർ 20ന് ആണ് ഡങ്കൽ റിപ്പോർട്ട് ഗാട്ടിന്റെ അംഗങ്ങളുടെ മുൻപിൽ അവതരിപ്പിച്ചത്. ഏകദേശം 500 പേജുകളുള്ള ഈ റിപ്പോർട്ടിൽ ഗാട്ടിന്റെ ചർച്ചകൾ പതിനഞ്ച് സുപ്രധാന മേഖലകളിലേക്ക് തിരിയണമെന്നും, ചർച്ചയ്ക്കുശേഷം താൻ നിർദ്ദേശിക്കുന്ന തീരുമാനങ്ങളിൽ എത്തണമെന്നും ഡങ്കൽ ശഠിക്കുന്നു. താരിപ്പ്, തുണിത്തരങ്ങൾ, കൃഷി, സബ്സിഡികൾ, ബൗദ്ധിക വസ്തുക്കളുടെ ക്രയവിക്രയകാര്യങ്ങൾ സംബന്ധിച്ച അവകാശങ്ങൾ (Trade Related Intelleectual Property Rights-TRIPS) വാണിജ്യവുമായി ബന്ധപ്പെട്ട നിക്ഷേപകാര്യങ്ങൾ (Trade Related Investment Measures - TRIMS). സേവന മേഖല എന്നിവയാണ് ഇവയിൽ ഏറ്റവും പ്രധാനം.

ഇന്നേവരെ ചരക്ക് വാണിജ്യത്തിലും താരിപ്പിലും മാത്രം കേന്ദ്രീകരിച്ചിരുന്ന ഗാട്ട് ചർച്ചകൾ ഇനി പുതിയ മേഖലകളിലേക്ക് കൂടി വ്യാപിക്കുവാൻ പോകുകയാണ്. ഇവയിൽ ഏറ്റവും ഹാനികരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നവയാണ് TRIPS. ബൗദ്ധിക വസ്തുക്കളെ സംബന്ധിച്ചുള്ള അവകാശങ്ങൾ ഒരിക്കലും ഗാട്ടിന്റെ പരിധിയിൽ കൊണ്ടുവരാൻ പാടില്ല എന്നുള്ള നിലപാടായിരുന്നു ഇന്ത്യ തുടങ്ങിയ വികസ്വര രാജ്യങ്ങൾ എക്കാലവും എടുത്തിട്ടുള്ളത്. എന്നാൽ, ഒരവസരത്തിൽ ഇക്കാര്യം ചർച്ചയ്ക്ക് എടുക്കുന്നതിൽ തെറ്റില്ല എന്ന് അവർ സമ്മതിച്ചത് ഏറ്റവും മാത്തരമായി. ബൗദ്ധിക വസ്തുക്കളെ സംബന്ധിച്ചുള്ള അവകാശങ്ങൾ ചർച്ച ചെയ്യാൻ ഏറ്റവും യോജിച്ചത് വേൾഡ് ഇന്റലക്ചൽ പ്രോപ്പർട്ടി ഓർഗനൈസേഷൻ (World Intell-ectual Property Organisation - WIFO) എന്ന സംവിധാനമാണ് എന്ന നിലപാടായിരുന്നു ഇന്ത്യയുടേത്. ഗാട്ടിന്റെ ചട്ടക്കൂട്ടിൽ ഇക്കാര്യം ചർച്ച ചെയ്താൽ ഇന്ന് അമേരിക്ക സ്പെഷ്യൽ സൂപ്പർ301 എന്ന വജ്രായുധം എടുത്ത് വികസ്വര രാജ്യങ്ങളെ ഭീഷണിപ്പെടുത്തുന്നതുപോലെ പരസ്പരം ബന്ധപ്പെടുത്തിയുള്ള സാമ്പത്തിക തിരിച്ചടികൾ ഉണ്ടാകുമെന്ന് ഇന്ത്യ കരുതി.

ഡങ്കൽ നിർദ്ദേശങ്ങൾ വഴി കുപ്രസിദ്ധിയാർജ്ജിച്ച പാരീസ് കൺവെൻഷനിലെ പേറ്റന്റിനെ സംബന്ധിച്ച ചില നിബന്ധനകൾ വികസ്വരരാജ്യങ്ങളുടെ മേൽ അടിച്ചേൽപ്പിക്കാൻ ശ്രമം തുടങ്ങിക്കഴിഞ്ഞു. ദേശീയ പേറ്റന്റ് നിയമത്തിന് സാധുതയില്ലാതാകും. അംഗരാജ്യങ്ങൾ ദേശീയ പൗരന്മാർക്ക് നൽകുന്ന എല്ലാ അവകാശങ്ങളും വിദേശപൗരന്മാർക്ക് നൽകാൻ നിർബന്ധിതരാകും. സൂക്ഷ്മാണുക്കൾ(micro organisms) ജനിതക സമ്പത്ത്, സസ്യസമ്പത്ത്, വിത്തിനങ്ങൾ തുടങ്ങി ജീവശക്തിവരെ പേറ്റന്റുകൾക്കടിമപ്പെടും. ബയോ ടെക്നോളജിവഴിയും ടിഷ്യുകൾച്ചർ വഴിയും സൃഷ്ടിയിൽ തന്നെ അദ്ഭുതങ്ങൾ വരുത്തിയ ഇന്നത്തെ ശാസ്ത്രലോകത്ത് സൃഷ്ടികർമ്മം തന്നെ പേറ്റന്റുകൾ എടുക്കുന്ന രാജ്യത്തിന്റേയോ അന്താരാഷ്ട്ര കുത്തക കമ്പനിയുടെയോ വ്യക്തിയുടെയോ സ്വകാര്യ സ്വത്താകും. ഇന്ന് പല രാജ്യങ്ങളിലും രാസ വ്യവസായത്തിലും മരുന്ന് വ്യവസായത്തിലും പ്രോസസ് പേറ്റന്റുകൾക്ക് മാത്രമേ കുത്തക സംരക്ഷണമുള്ളൂ. ഡങ്കൽ നിർദ്ദേശങ്ങളനുസരിച്ച് ഈ സംരക്ഷണം ചരക്ക്പേറ്റന്റുകൾക്ക് നൽകാൻ പോകുന്നു. അതിന്റെ ഫലമായി ഇനി മുതൽ ഉല്പാദന പ്രക്രിയയിലും ചരക്കിലും പരീക്ഷണങ്ങൾ വഴി മാറ്റങ്ങൾ സൃഷ്ടിക്കാൻ വികസ്വരരാജ്യങ്ങൾക്ക് കഴിയുകയില്ല. നിലവിലുള്ള രാസപദാർത്ഥങ്ങൾക്കും മരുന്നുകൾക്കും സമാനമായ ഒന്നും ഇനി നിർമ്മിക്കാൻ പാടില്ല. നിർമ്മിച്ചാൽ അത് പേറ്റന്റ് നിയമത്തിന്റെ ധ്വംസനമാകും. സൽഫ്യൂറിക് ആസിഡിനും ആസ്പിരിനും പേറ്റന്റ് എടുത്തുകഴിഞ്ഞാൽ അത് ഞങ്ങളുടെ ബൗദ്ധികവസ്തു അവകാശമാണ്, അത് മററാരും ഉണ്ടാക്കാൻ പാടില്ല എന്ന് വികസിത സമ്പന്ന രാഷ്ട്രങ്ങളോ ബഹുരാഷ്ട്ര കുത്തക കമ്പനികളോ വാദിച്ചാൽ അതിന്റെ ദൂരവ്യാപകമായ ഫലങ്ങൾ ഊഹിക്കാവുന്നതേയുള്ളൂ. തങ്ങൾ നിർമ്മിക്കുന്നതും നിർമ്മിക്കാനുദ്ദേശിക്കുന്നതുമായ ഇത്തരം ചരക്കുകൾ പേറ്റന്റ് സംരക്ഷണമുള്ള പ്രോസസ് ഉപയോഗിച്ച് ഉണ്ടാക്കിയതല്ലെന്നും ആ ചരക്കുകൾ പേറ്റന്റ് സംരക്ഷണമുള്ള ചരക്കുകൾക്ക് സമാനമായതല്ലായെന്നും തെളിയിക്കേണ്ട ഭാരംകൂടി ഇനി വികസ്വരരാജ്യങ്ങളുടെ ചുമലിലായിരിക്കും. ഡങ്കൽ നിർദ്ദേശങ്ങൾ ഇന്ത്യ സ്വീകരിച്ചാൽ ഇവിടത്തെ രാസവ്യവസായശാലകളും മരുന്ന് കമ്പനികളും അടച്ച്പൂട്ടാൻ അധികകാലം കാത്തിരിക്കേണ്ടിവരില്ല. മരുന്ന് വിലകൾ വർദ്ധിക്കുമെന്ന് വാണിജ്യമന്ത്രി പ്രണാബ് മുഖർജി തന്നെ സമ്മതിക്കുന്നു. പക്ഷേ, എത്ര മടങ്ങ് അവ വർദ്ധിക്കുമെന്ന് പറയാൻ അദ്ദേഹം വിസമ്മതിക്കുന്നു. നാട്ടിൽ ഉദ്പാദിപ്പിക്കുന്നതിന് പകരം പേറ്റന്റ് മരുന്നുകൾ വിദേശത്ത്നിന്നും ഇറക്കുമതി ചെയ്യേണ്ടി വരും. അതുവഴി വിദേശനാണ്യം നമുക്ക് നഷ്ടപ്പെടുകയുംചെയ്യും.

കൃഷിയെ സംബന്ധിച്ച ഡങ്കൽ നിർദ്ദേശങ്ങൾ ഇന്ത്യയെ ഏററവും കൂടുതൽ പ്രതികൂലമായി ബാധിക്കുന്ന ഒന്നാണ്. ഈയിടയ്ക്ക് കർണ്ണാടകത്തിൽ സംഘടിതരായ കൃഷിക്കാർ ബഹുരാഷ്ട്ര കുത്തകകമ്പനിയായ കാർഗിലിന്റെ നേർക്ക് തിരിഞ്ഞത് ഓർക്കുക. കാർഗിൽ കമ്പനിക്ക് വിത്തുല്പാദനത്തിലും

## ഗവേണിംഗ് ബോഡിയിൽ എ കെ പി സി ടി എ പ്രതിനിധി

കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സ് കോളേജിന്റെ ഗവേണിംഗ് ബോഡിയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ എ കെ പി സി ടി എ സ്ഥാനാർത്ഥി പ്രൊഫ. എം. എം. ഡൊമനിക് വൻ ഭൂരിപക്ഷത്തോടെ തെരഞ്ഞെടുക്കപ്പെട്ടു.

## ശ്രീ ശങ്കരാ കോളേജിൽ വിജയം

ശ്രീ ശങ്കരാകോളേജ് സ്ററാഫ് കൗൺസിലിലേക്കു നടന്ന വാശിയേറിയ തെരഞ്ഞെടുപ്പിൽ എ കെ പി സി ടി എ സ്ഥാനാർത്ഥികളായി മത്സരിച്ച പ്രൊഫ. എം. മോഹനബാബു, പ്രൊഫ. കെ.പി. നടരാജപിള്ള എന്നിവർ വൻഭൂരിപക്ഷത്തോടെ വിജയിച്ചു.

വിതരണത്തിലും വ്യാപകമായ നിയന്ത്രണശക്തിയുണ്ട്. വിത്തുകൾക്ക് പേററൻറ് സംരക്ഷണം നൽകിയാൽ, ഇന്ത്യയിലെ കർഷകർ അവ ഇറക്കുമതിചെയ്യാൻ നിർബന്ധിതമാകും. അറുപതുകളുടെ മദ്ധ്യത്തിൽ ഇന്ത്യയിലുണ്ടായ ഹരിതവിപ്ലവത്തിൻെറ പിറകിലെ പ്രധാന ഘടകം മെച്ചപ്പെട്ട അത്യുല്പാദനശക്തിയുള്ള വിത്തുകൾ സ്വതന്ത്രമായി ഇന്ത്യയിലേക്ക് കൊണ്ടുവരാനും അവ ഇവിടത്തെ കാലാവസ്ഥയ്ക്കും മണ്ണിനും അനുയോജ്യമായ രീതിയിൽ ജനിതക പരീക്ഷണങ്ങൾ വഴി പരിഷ്കരിച്ച് നമുക്ക് ഉപയോഗിക്കാൻ കഴിഞ്ഞു എന്നുള്ളതുമാണ്. ഇനി അത് സാദ്ധ്യമല്ലയെന്നാണ് ഡങ്കൽനിർദ്ദേശങ്ങളിൽ പറയുന്നത്, വിത്തുപയോഗത്തിന് കൃഷിക്കാർ റോയൽററി കൊടുക്കണം. കൊയ്ത്ത് കഴിഞ്ഞ് അതിൽനിന്നും അടുത്ത കൃഷിക്കുള്ള വിത്തെടുക്കാൻ പാടില്ല. കൈവശമുള്ള വിത്തുകൾ മററ് കൃഷിക്കാർക്ക് കൈമാററം ചെയ്യാൻ പാടില്ല. കൃഷിക്കാരുടെ മൗലിക അവകാശം അവർക്ക് നഷ്ടപ്പെടുന്നു. വിത്തുല്പാദകർക്കും കച്ചവടക്കാർക്കും ഉള്ള അവകാശം സംരക്ഷിക്കപ്പെടുന്നു.

എല്ലാത്തരം സസ്യങ്ങളുടേയും വിളകളുടേയും ജനുസുകൾ പേററൻറ് സംരക്ഷണംവഴി സ്വകാര്യസ്വത്തുക്കളാകാൻ പോകുകയാണ്. ഇന്നേവരെ ലോക ജനതയുടെ പൊതുമുതലായിരുന്ന ബീജദ്രവം (gene plasm) സ്വകാര്യ കുത്തകസ്വത്തായാൽ ഫലം ഭീകരമായിരിക്കും. ഇതിനകംതന്നെ ജനിതകസമ്പത്തിൻെറ കലവറയായ ഉഷ്ണമേഖലാ രാജ്യങ്ങളിൽനിന്നും അവ സമ്പന്നരാജ്യങ്ങൾ ചോർത്തിയെടുത്ത് കഴിഞ്ഞു. അവയുടെമേൽ പേററൻറ്കൂടിയെടുത്താൽ അതിൻെറ മറപിടിച്ച് വിലപേശാൻ സമ്പന്നരാജ്യങ്ങൾക്ക് കഴിയും. ഇന്ത്യയിലെ വേപ്പ് മരത്തിൻെറ കാര്യമെടുക്കുക, ഇവിടെ ആരും ശ്രദ്ധയോടെ വേപ്പ് വച്ചുപിടിപ്പിച്ച് കച്ചവട മനസ്ഥിതിയോടെ കൃഷി നടത്താറില്ല. അവ ഇവിടെ പ്രകൃതിയുടെ ഔദാര്യത്തിൽ വളരുന്നു. നിരവധി ഉപയോഗങ്ങൾ വേപ്പിനുണ്ട്. എന്നാൽ, വേപ്പിൻെറ മൂല്യങ്ങൾ യോജിപ്പിച്ച് പല പദാർത്ഥങ്ങൾക്കും പേററൻറ് എടുത്തുകഴിഞ്ഞാൽ വേപ്പ് മരം ഇന്ത്യയിലാണ് വളരുന്നതെങ്കിലും അതിൻെറ മൂലകങ്ങൾ ചേരുന്ന വസ്തുക്കൾ നമുക്ക് ഇറക്കുമതിചെയ്യേണ്ടിവരും. ഈ സ്ഥിതി നാം തടയേണ്ടതല്ലേ? ആഫ്രിക്കൻ ഭൂഖണ്ഡത്തിലെ മഡഗാസ്കറിൻെറ കാര്യമെടുക്കുക. അവിടെ വളരുന്ന ''റോസി പെരിവിങ്കിൾ'' എന്ന ചെടിയിൽനിന്നും ഉല്പാദിപ്പിക്കുന്ന വിലകൂടിയ മരുന്ന് കുട്ടികളിൽ ഉണ്ടാകുന്ന രക്താർബുദ ചികിൽസയ്ക്ക് ഉപയോഗിക്കുന്നു. ഈ മരുന്ന് ഉല്പാദനത്തിലും വില്പനയിലും ഉണ്ടാകുന്ന ലാഭം മുഴുവനും ബഹുരാഷ്ട്ര കുത്തകകമ്പനിക്കാണ് കിട്ടുന്നത് മഡഗാസ്കറിന് ഇക്കാര്യത്തിൽ ഒന്നും കിട്ടിയില്ല. പ്രകൃതിദത്തമായ നിരവധി ഔഷധച്ചെടികൾ വളരുന്ന ഇന്ത്യയുടെ സ്ഥിതിയും അതുപോലെയാകാനാണ് സാദ്ധ്യത,

ഡങ്കൽ നിർദ്ദേശങ്ങളിൽ ആഭ്യന്തര കൃഷിമേഖലയ്ക്ക് നൽകുന്ന സബ്സിഡി മുതലായ സംരക്ഷണങ്ങൾ കുറക്കണമെന്ന് പറയുന്നുണ്ട്. ദേശീയ വരുമാനത്തിൻെറ പത്തുശതമാനമാണ് പരിധിയായി പറഞ്ഞിട്ടുള്ളത്. ഇന്ന് ഇന്ത്യയിൽ ഈ പരിധിയെത്തിയിട്ടില്ല എന്ന് ഗവൺമെൻറ് പറയുന്നു പക്ഷേ, പരോക്ഷവും പ്രത്യക്ഷവും ആയ സബ്സിഡികളും മററും ഒന്നിച്ച് ചേർന്നാൽ പരിധികഴിയുമോ എന്ന് ഭയക്കുന്നവരുണ്ട്. ഇനിമുതൽ കമ്പോളവിലകളെ മാത്രം അടിസ്ഥാനമാക്കിയാണ് അന്താരാഷ്ട്ര ധാന്യക്കച്ചവടം നടക്കാൻ പോകുന്നത്. കമ്പോളപ്രവേശം (market access)

എന്ന തത്വമനുസരിച്ച് ആഭ്യന്തര ഡിമാൻഡിൻെറ ഒരു നിശ്ചിതശതമാനം ഇറക്കുമതി വഴിതന്നെ നികത്തണം. ചിലപ്പോൾ നാട്ടിൽ സ്വയംപര്യാപ്തതയുണ്ടെങ്കിൽതന്നെയും കമ്പോളപ്രവേശം എന്ന തത്വമനുസരിച്ച് ധാന്യം ഇറക്കുമതിചെയ്യാൻ രാജ്യം നിർബന്ധിതമാകും. കഴിഞ്ഞയാഴ്ചയാണ് ജപ്പാനിലെ കൃഷിക്കാർ കുപിതരായി രംഗത്തിറങ്ങിയത്. ജപ്പാനും അരി ഇറക്കുമതി ചെയ്യാനായി ആഭ്യന്തര കമ്പോളം തുറന്നിടാൻ നിർബന്ധിതമായിരിക്കുന്നു. ദക്ഷിണ കൊറിയയിലും യൂറോപ്പിൽ, ഫ്രാൻസിലും കർഷകർ കമ്പോള പ്രവേശനതത്വത്തിനെതിരായും കാർഷിക മേഖലയ്ക്കുള്ള സബ്സിഡികൾ നിർത്തലാക്കുന്നതിനെതിരായും രംഗത്തിറങ്ങിക്കഴിഞ്ഞു. ഇതൊന്നും നമ്മുടെ കൃഷിക്കാരെ ബാധിക്കാൻ പോകുന്നില്ല എന്നാണ് ഇന്ത്യയിലെ ഭരണകർത്താക്കളുടെ നിലപാട്. ഇക്കഴിഞ്ഞയാഴ്ച ലോകബാങ്കിൻെറ വൈസ്പ്രസിഡൻറും ഉപദേഷ്ടാവുമായിരുന്ന ഡേവിഡ് ഹോപ്പർതന്നെ ഇന്ത്യയുടെ നിലപാടിൽ വിസ്മയം പ്രകടിപ്പിച്ചിട്ടുണ്ട്. ഇന്ത്യയുടെ പൊതുവിതരണ സമ്പ്രദായമാണല്ലോ ഇവിടെ ഭക്ഷ്യ സുരക്ഷ (food security) ഉണ്ടാക്കിയിട്ടുള്ളത്. ഉപഭോക്താക്കൾക്കും സബ്സിഡി നൽകുന്നുണ്ട്. പൊതുവിതരണസമ്പ്രദായത്തിൻെറ വ്യാപ്തി ചുരുക്കണമെന്നും ധാന്യത്തിൻെറ കരുതൽ ശേഖരം (buffer stock) ആവശ്യമില്ലായെന്നും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. ധാന്യലഭ്യത കുറഞ്ഞാൽ എപ്പോൾ വേണമെങ്കിലും ലോകകമ്പോളത്തിൽനിന്നും ഇറക്കുമതി ചെയ്യാമല്ലോഎന്നാണ് ഇന്ത്യയ്ക്ക് നൽകുന്ന ആശ്വാസവചനം. അതിനുവേണ്ട വിദേശനാണ്യം ശേഖരിച്ച് വയ്ക്കുകതന്നെ. പക്ഷേ, ആവശ്യം വരുമ്പോൾ വിൽക്കുന്നവർ നിർദേശിക്കുന്ന വിലതന്നെ നൽകേണ്ടിവരും എന്നോർക്കുക. ഈ ദുസ്ഥിതിയൊന്നും ഉണ്ടാകില്ല എന്നാണ് ഗവൺമെൻറ് പറയുന്നത്. കഴിഞ്ഞവർഷം നാട്ടിൽ ഏറ്റവും ധാന്യസ്വയംപര്യാപ്തതയുണ്ടായിട്ടുകൂടി, പഞ്ചാബിലെ കൃഷിക്കാർക്ക് കൊടുത്തതിനേക്കാൾ ഉയർന്ന വിലയ്ക്ക് അമേരിക്കയിൽ നിന്നും മൂന്ന് ലക്ഷം ടൺ ഗോതമ്പ് ഇന്ത്യ ഇറക്കുമതി ചെയ്തതിൻെറ ധനശാസ്ത്രം എന്താണ് എന്ന് വ്യക്തമല്ല.

ആഗോളവൽക്കരണത്തിന് ഊന്നൽ നൽകുന്ന തരത്തിലാണ് സേവനമേഖലയെ സംബന്ധിച്ച ഡങ്കൽ നിർദ്ദേശങ്ങൾ. ബാങ്കിംഗ്, ഇൻഷുറൻസ്, കപ്പൽ ഗതാഗതം, ടൂറിസം, സിനിമാ നിർമാണം, ടെലികോം, ടെലിവിഷൻ, വിദ്യാഭ്യാസം സാങ്കേതികവിദ്യ അഥവാ ടെക്നോളജി എന്നിവ ആഗോള കിടമത്സരത്തിന് തുറന്നിടണമെന്ന് നിർദ്ദേശമുണ്ട്. ഇതുതന്നെയാണ് ഐ.എം.എഫും ലോകബാങ്കും ആവശ്യപ്പെടുന്നതും. ഇപ്പോൾ തന്നെ ലോകത്തിലെ വലിയ ഇൻഷുറൻസ് കമ്പനിയായ ലോയിഡ്സ് (Loyds) ഇന്ത്യയിലെത്തിക്കഴിഞ്ഞു. പൊതുമേഖലയിലുള്ള ഇൻഷുറൻസ് കമ്പനികളെ അടിയറ വയ്ക്കാൻ നാം തീരുമാനിച്ചുകഴിഞ്ഞു. ഭീമനും കുള്ളനും കൂടി മത്സരിക്കുമ്പോൾ കുള്ളനായ ഇന്ത്യൻ കമ്പനി അടച്ചുപൂട്ടുകതന്നെ ചെയ്യും. ഇന്ത്യയുടെ സേവനമേഖലയിൽ വിദേശ കുത്തകകൾ കൈവശപ്പെടുത്തും, എന്നാണ് എന്ന് അവിടെ... 

ഉറുഗ്വേ വട്ടം ചർച്ചകളിൽ ഇന്ത്യ മൂന്നു പ്രധാന കാര്യങ്ങൾക്ക് മുൻഗണന നൽകിയി

## കോഴഞ്ചേരി കോളേജിൽ വിജയം

കോഴഞ്ചേരി സെൻറ്തോമസ് കോളേജ് ഗവേർണിംഗ് കൗൺസിലിലേക്ക് എ കെ പി സി ടി എ സ്ഥാനാർത്ഥി പ്രൊഫ. ടി. ജോർജ് വർഗീസ് വമ്പിച്ച ഭൂരിപക്ഷത്തോടെ തെരഞ്ഞെടുക്കപ്പെട്ടു. കഴിഞ്ഞവർഷം നടന്ന കോളേജ് സ്റ്റാഫ് കൗൺസിൽ തെരഞ്ഞെടുപ്പിൽ അഞ്ചിൽ നാലു സ്ഥാനങ്ങളും സംഘടന നേടിയിരുന്നു.

## മട്ടന്നൂർ കോളേജിൽ വിജയം

മട്ടന്നൂർ പി. ആർ. എൻ. എസ്. എസ്. കോളേജ് സ്റ്റാഫ് സെക്രട്ടറിയായി എ കെ പി സി ടി എ പ്രതിനിധി ഡോ. പ്രദീപ് കുമാർ ഐകകണ്ഠ്യേന തെരഞ്ഞെടുക്കപ്പെട്ടു.

എം. പി. ബാലറാം, ടി. പി. വാസുദേവൻ, പത്മാവതിയമ്മ, പി. കെ. പത്മകുമാർ എന്നീ എ കെ പി സി ടി എ പ്രതിനിധികൾ സ്റ്റാഫ് ക്ലബ് എക്സിക്യൂട്ടീവിലേയ്ക്ക് എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു.

രുന്നു എന്നോർക്കുക. ഒന്ന്, മൾട്ടി ഫൈബർ എഗ്രിമെൻറ് റദ്ദ് ചെയ്യുക. പരുത്തി ഉല്പാദിപ്പിക്കുകയും പരുത്തിത്തുണി കയററുമതി ചെയ്യുകയും ചെയ്യുന്ന ഇന്ത്യക്ക് മനുഷ്യനിർമിത നാരുകളും തുണിയും ഉണ്ടാക്കുന്ന ഭവിഷ്യത്തുക്കളിൽ നിന്നും സംരക്ഷണം നൽകാനാണ് ഇതുകൊണ്ടുദ്ദേശിച്ചത്. രണ്ട്, സേവനകമ്പോളത്തിൽ മനുഷ്യ സമ്പത്തിൻേറയും തൊഴിൽ ശക്തിയുടേയും സ്വതന്ത്ര ചലനം ഉറപ്പു വരുത്തുക. ലക്ഷക്കണക്കിനാളുകളെ വിദേശത്തേക്ക് കയററുമതി ചെയ്യുന്ന ഇന്ത്യക്ക് ഇത് നിർണ്ണായകമായ ഒരു പ്രശ്നമാണ്. മൂന്ന്, ബൗദ്ധിക വസ്തുക്കളും മൂലധനനിക്ഷേപവും സംബന്ധിച്ചുള്ള നിയന്ത്രണങ്ങൾ ഇന്ത്യയെപ്പോലുള്ള വികസ്വര രാജ്യങ്ങൾക്ക് അനുകൂലമായി നിർണ്ണയിക്കുക. എന്നാലിന്ന് ഗാട്ടിലെ ഇന്ത്യൻ പ്രതിനിധി സംഘം എന്തു ചെയ്യണമെന്നറിയാതെ ഉഴലുകയാണ്. നേരത്തെ സ്വീകരിച്ചിരുന്ന നിലപാടിൽ അയവുവരുത്തി. ഡൽഹിയിൽ നിന്ന് ജനീവയിൽ കിട്ടുന്ന നിർദ്ദേശങ്ങൾ വ്യക്തമല്ല. വികസിത രാജ്യങ്ങൾക്കിടയിൽ ഇന്ത്യക്ക് ഒരു കാലത്തുണ്ടായിരുന്ന പ്രശസ്തി എന്നേ നഷ്ടപ്പെട്ടിരിക്കുന്നു. "വേറൊരു പോംവഴിയുമില്ല" എന്ന ആശയത്തിൽ പിടിച്ചുനിന്ന്, സമ്പന്നരാജ്യങ്ങളുടെ സമ്മർദ്ദത്തിന് വഴങ്ങാൻ ഇന്ത്യയുടെ ഭരണകർത്താക്കൾ തീരുമാനിച്ചു കഴിഞ്ഞു.

നാടകത്തിൻെറ അവസാനരംഗത്തിൽ കർട്ടൻ വീഴാറായ സമയത്താണ് ഡങ്കൽ നിർദ്ദേശങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ പാർലമെൻറിന് അവസരം നൽകിയത്. ഭരണകക്ഷിക്കാർ ഡങ്കൽ നിർദ്ദേശങ്ങൾ ഇന്ത്യക്ക് ഗുണം ചെയ്യും എന്ന് തറപ്പിച്ച് പറയുന്നു. പക്ഷേ ആഗോള സമ്പദ് വ്യവസ്ഥയിലെ മാററങ്ങൾ പരിഗണിച്ചാൽ സ്ഥിതി വികസ്വര രാജ്യങ്ങൾക്ക് അനുകൂലമല്ലയെന്ന് കാണാം. വികസ്വര രാജ്യങ്ങളുടെ ആഭ്യന്തര കമ്പോളങ്ങൾ മത്സരത്തിന് തുറന്നിടണമെന്ന് പറയുന്ന സമ്പന്നരാജ്യങ്ങൾ തങ്ങളുടെ ആഭ്യന്തര കമ്പോളങ്ങൾ തുറന്നിടാൻ വിസമ്മതിക്കുന്നു. സമ്പന്നരാജ്യങ്ങളിൽ ഇന്ന് നിലവിലിരിക്കുന്ന സാമ്പത്തിക മാന്ദ്യവും ഉയർന്ന തൊഴിലില്ലായ്മയും പരിഹരിക്കണമെങ്കിൽ അവരുടെ ഉല്പന്നങ്ങൾ വർദ്ധിച്ച തോതിൽ മററ് രാജ്യങ്ങളിൽ വില്ക്കപ്പെടണം. അതിൽത്തന്നെ അമേരിക്കയും-ജപ്പാനും., അമേരിക്കയും- യൂറോപ്യൻ - കമ്മ്യൂണിററിയും പ്രത്യേകം പ്രത്യേകം വാണിജ്യ യുദ്ധത്തിനൊരുങ്ങുകയാണിപ്പോൾ. പ്രസിഡൻറ് ക്ലിൻറൻ പ്രാദേശിക തലത്തിൽ NAFTA എന്ന സ്വതന്ത്ര വാണിജ്യ മേഖല കാനഡയുടേയും മെക്സിക്കോവിൻേറയും സഹായത്തോടെ ഉണ്ടാക്കിക്കഴിഞ്ഞു. ലോക ഉല്പാദനത്തിൻെറ പകുതിയോളം നൽകുന്ന കുറേ ഏഷ്യാപെസഫിക്ക് രാജ്യങ്ങളെ കൂട്ടിച്ചേർത്ത് മറെറാരു APEC എന്ന മേഖലയും വന്നു കഴിഞ്ഞു. ഈ പരിതഃസ്ഥിതിയിൽ ബഹുരാഷ്ട്ര ഏജൻസിയായ ഗാട്ടിൻെറ സ്ഥിതിയെന്താകും? സമ്പന്ന രാജ്യങ്ങൾക്കിടക്ക് തന്നെ ആരാണ് വലിയവൻ എന്നുള്ള തർക്കം ഇപ്പോൾ ബലപ്പെട്ടിരിക്കയാണ്. അമേരിക്ക തങ്ങളുടെ സൂപ്പർ പവർ വിധേയത്വം മററുള്ളവരുടെമേൽ അടിച്ചേൽപ്പിക്കാൻ

ശ്രമിച്ചു കൊണ്ടിരിക്കയാണ് അതാണല്ലോ എൻ.പി.ടി. മുതലായ നടപടികളിൽ കാണുന്നത്.

ഡങ്കൽ നിർദ്ദേശങ്ങൾ തങ്ങളുടെ ഇഷ്ട പ്രകാരം ഗാട്ടിലെ അംഗരാജ്യങ്ങൾ സ്വീകരിച്ചില്ലെങ്കിൽ എല്ലാം വലിച്ചെറിഞ്ഞ് തങ്ങളുടെ പാട്ടിന് പോകാൻ അമേരിക്ക മടിക്കുകയില്ല. അന്താരാഷ്ട്ര വാണിജ്യ ഓർഗനൈസേഷന് (International Trade Organisation) 1944.ൽ സംഭവിച്ചത് അതാണല്ലോ അമേരിക്കൻ കോൺഗ്രസിന്റെ അനുമതി കിട്ടാത്തതു കൊണ്ട് ബഹുമുഖ വാണിജ്യ ചർച്ചകൾ അമേരിക്ക വേണ്ടെന്ന് വച്ചു. പിന്നീടാണല്ലോ ഗാട്ട് ഉണ്ടായത്.

ഇനി എന്ത്? വികസ്വര രാജ്യങ്ങളുടെ പ്രധാന വക്താവായി വർത്തിക്കേണ്ട ഇന്ത്യ ഇനി എന്തു ചെയ്യണം? സ്വതന്ത്രരാജ്യങ്ങളുടെ സാമ്പത്തിക പരമാധികാരത്തെ അപകടപ്പെടുത്തുന്ന ഡങ്കൽ നിർദ്ദേശങ്ങൾ തിരസ്കരിക്കുക. മൂന്ന് വ്യത്യസ്ത മാർഗങ്ങൾ ഇന്ത്യയുടെ മുന്നിലുണ്ട്. ഒന്ന്, ചരക്കുകൾ, സേവനങ്ങൾ, ബൗദ്ധിക വസ്തുക്കളെ സംബന്ധിക്കുന്ന അവകാശങ്ങൾ എന്നിവ കൂട്ടികുഴക്കാതെ പ്രത്യേകം ചർച്ചചെയ്ത് തീരുമാനിക്കണമെന്ന് വാദിക്കുക. ഏത് സ്വീകരിക്കണം ഏത് തിരസ്കരിക്കണം എന്ന് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം ഇന്ത്യ കൈവിടരുത്. രണ്ട്, പാർലമെന്റിന്റെ പൂർണ്ണ അറിവോടും സമ്മതത്തോടുംകൂടി മാത്രമേ ഏതെങ്കിലും തീരുമാനത്തിൽ ഇന്ത്യാ ഗവൺമെന്റ് ഏർപ്പെടുകയുള്ളു എന്ന് ജനങ്ങൾക്ക് ഉറപ്പ് നൽകുക. മൂന്ന് ഉഭയകക്ഷി ചട്ടക്കൂടിനേക്കാൾ ബഹുകക്ഷി ചട്ടക്കൂടാണ് അസമത്വത്തിൽ അധിഷ്ഠിതമായ ഇന്നത്തെ ആഗോളരാഷ്ട്ര സാമ്പത്തിക ക്രമത്തിൽ ഇന്ത്യയെപ്പോലുള്ള വികസ്വര രാജ്യങ്ങളുടെ താത്പര്യങ്ങൾ സംരക്ഷിക്കാൻ ഏററവും നല്ലത്. ഇതിന് ഇന്ത്യ മുൻകൈയെടുക്കണം. ഡങ്കൽ നിർദ്ദേശങ്ങളെ സംബന്ധിച്ച് ഇന്ത്യയ്ക്ക് ചെയ്യാവുന്നതൊക്കെ ചെയ്തുകഴിഞ്ഞു. അവയെ എല്ലാ രാജ്യങ്ങളും സ്വീകരിക്കാൻപോകുന്നതുകൊണ്ട് ഇന്ത്യയ്ക്കുമാത്രം ഒഴിഞ്ഞ് നിൽക്കാതെ പററില്ല എന്നാണ് ഗവൺമെന്റിന്റെ നിലപാട്. ഡങ്കൽ രേഖയിൽ എല്ലാ രാജ്യങ്ങളുടേയും ഒപ്പ് ശേഖരിക്കാൻ ഗാട്ടിന്റെ ഇന്നത്തെ മാനേജിംഗ് ഡയറക്ടർ പീററർ സതർലാണ്ട് ദൃഢനിശ്ചയം ചെയ്തുകഴിഞ്ഞു. ഗാട്ടിന്റെ സ്ഥാനത്ത് മൾട്ടീലാററൽ ട്രേയിഡ് ഓർഗനൈസേഷൻ (M.T.O.) എന്ന ഏജൻസിവന്നു കഴിഞ്ഞാൽ "ഐ. എം. എഫ് ലോകബാങ്ക് എം. ടി. ഒ" എന്നീ ത്രിമൂർത്തികളായിരിക്കും ലോക ജനതയുടെ ഭാവി നിയന്ത്രിക്കുന്നത്. ഈ ത്രിമൂർത്തികളാണെങ്കിൽ സമ്പന്നരാജ്യങ്ങളുടെ ചൊൽപ്പടിയിലുമായിരിക്കും. ഈയവസരത്തിലാണ് നാം രാഷ്ട്രീയം വെടിഞ്ഞ് പ്രവർത്തിക്കേണ്ടത്. രാജ്യത്തിന്റെയും ജനതയുടേയും ഭാവി തലമുറയുടേയും പരമാധികാരവും സ്വാതന്ത്ര്യവും അടിയറ വയ്ക്കാതിരിക്കാൻ ഡങ്കൽ നിർദ്ദേശങ്ങൾ തള്ളിക്കളയുക.

(കേരളകൗമുദി ഡിസംബർ 15)

## മഞ്ചേരിയിൽ വിജയം

മഞ്ചേരി എൻ. എസ്. എസ്. കോളേജ് കൗൺസിലിലേയ്ക്ക് എ കെ പി സി ടി എ പ്രതിനിധി പ്രൊഫ. എ. ശിവരാമൻ ഐകകണ്ഠ്യേന തെരഞ്ഞെടുക്കപ്പെട്ടു.

കോളേജ് കോ–ഓപ്പറേററീവ് സൊസൈററി ഡയറക്ടറൻമാരായി എ കെ പി സി ടി എ പ്രതിനിധികൾ പ്രൊഫ. എ. ശിവരാമൻ, കെ. കെ. ബാലചന്ദ്രൻ എന്നിവരെ എതിരില്ലാതെ തെരഞ്ഞെടുത്തു.

# "പശ്യേമ ശരദശ്ശതം"

എസ്. വി. വേണുഗോപൻ നായർ

**സാഹിത്യഅക്കാദമി അവാർഡുനേടിയ പ്രൊഫ. വി. മധുസൂദനൻ നായരെ അനുമോദിക്കാൻ എ കെ പി സി ടി എ സംഘടിപ്പിച്ച യോഗത്തിൽ ചെയ്ത പ്രസംഗം**

എന്നെ സംബന്ധിച്ച് ഇത് ആഹ്ലാദത്തിന്റെ, ധന്യതയുടെ നിമിഷം. കാരണങ്ങൾ പലതാണ്, വി. മധുസൂദനൻ നായർ എന്റെ നാട്ടുകാരനാണ് വിദ്യാർത്ഥിയാണ്, ഞങ്ങളിരുവരും മലയാളം പഠിപ്പിക്കുന്നവർ, സർവ്വോപരി ഒരേ അദ്ധ്യാപകസംഘടനയിലെ അംഗങ്ങളും.

മലയാളകവിതയിൽ പുതിയൊരു ഭാവുകത്വത്തിന് നിദാനമായിത്തീർന്നവയാണ് മധുസൂദനന്റെ കവിതകൾ, പുതിയൊരു സംവേദനത്തിനും. മലയാളകവിതയുടെ നവീനഘട്ടത്തിൽ തെല്ലൊരമ്പരപ്പുളവാക്കുന്ന ക്ഷിപ്രപ്രസിദ്ധി വരിച്ച കവികൾ നാലുപേരാണ്. ചങ്ങമ്പുഴ, ഒ. എൻ. വി., കടമ്മനിട്ട, വി. മധുസൂദനൻ നായർ.

പൊടുന്നനെ സംഭവിച്ച ഈ പറന്നുയരൽ കുറെ അസൂയാലുക്കളെയും ശത്രുക്കളെയും സൃഷ്ടിച്ചിട്ടുമുണ്ട്. ഒരുനാൾ കുയിൽ പാടിത്തുടങ്ങുമ്പോൾ സഹജീവികളായ കാക്കകൾക്ക് അസൂയയും ഈർഷ്യയുമുണ്ടാവുക സ്വാഭാവികം. ഒരേകൂട്ടിൽ, ഒരേ ചിറകുകൾക്കു കീഴിൽ മുട്ടയായി കഴിഞ്ഞവർ, ഒരേ ചൂടേറ്റു വിരിഞ്ഞവർ, ഒരേമട്ടുകൊത്തിപ്പെറുക്കി വളർന്ന കറുമ്പികൾ. എന്നിട്ട് ഒരുനാൾ കൂട്ടത്തിലൊന്നങ്ങു പാടിത്തുടങ്ങിയാൽ രോഷകാലുഷ്യങ്ങൾ ഉളവാകാതിരിക്കുമോ? കാക്ക കലമ്പിയെന്നുവച്ച് കുയിലിനു പാടാതിരിക്കാനാകുമോ?

ഒരു എം. എ. ബിരുദവും. പതിനാറുകൊല്ലത്തെ അധരവ്യായാമം തികച്ചാൽ ഏതു തങ്കപ്പനും വെറുതേ കുത്താവുന്ന പ്രൊഫസർ പദവിയും പാസ്പോർട്ടു മുദ്രകളാക്കിക്കൊണ്ട് നിരൂപണരംഗത്ത് ചേക്കേറുന്നവരുണ്ട്. അവരിൽ ചിലരും തുടങ്ങിയിട്ടുണ്ട് ആക്രമണം.

മധുസൂദനനെയും തത്താദൃശരേയും "തൊണ്ടക്കവികൾ," "കാസറ്റ് കവികൾ," "വെറും റൊമാന്റിക്കുകൾ," എന്നൊക്കെ അധിക്ഷേപിച്ചൊതുക്കുവാനാണ് തല അരയിൽ മുറുക്കിക്കൊണ്ട് ഇവരെത്തിയിരിക്കുന്നത്. തെളിഞ്ഞ മനമുള്ളവനേ നല്ല തൊണ്ടയുണ്ടാവൂ. തൊണ്ടനന്നായാലേ പാടാനാവൂ. ഗർദ്ദഭകണ്ഠം ജന്മസിദ്ധിയായവർ അസൂയപ്പെടും. വെറുതേ ചിരിച്ചു സഹതപിക്കുക.

കാൽപനികനാവുന്നത് വലിയൊരു പതിതത്വമാണോ? കാൽപനികനല്ലാത്ത ഏതു കവിയുണ്ട് മലയാളത്തിൽ? 'ഗോപികാദണ്ഡകവും' 'കുരുക്കുത്തിമുല്ല'യും എഴുതിയ അയ്യപ്പപ്പണിക്കരും 'ഇവനെക്കൂടി' രചിച്ച സച്ചിദാനന്ദനും കാല്പനികരല്ലേ? 'സഫലമീയാത്ര' കക്കാടിന്റെ മാസ്റ്റർപീസായത് എന്തുകൊണ്ട്? റൊമാന്റിക്കല്ലാത്ത ഒരാൾക്ക് ഒരു നല്ല കുടുംബജീവിതംപോലും സാദ്ധ്യമല്ല. ചില വികല ബുദ്ധികൾക്ക് ഉള്ളിണക്കം സീതയോടും ശകുന്തളയോടുമല്ല. കാട്ടാളനോടും പെരുമ്പാമ്പിനോടും കലിയോടുമാണ്. ഈ കരാളരൂപികൾ ഭസ്മീകൃതരായി മറയുമ്പോൾ, സീത, ശകുന്തളാദി മുഗ്ദ്ധതകളെ ഏറ്റുവാങ്ങുവാൻ ആകാശവും ഭൂമിയുമുണ്ടാവുമെന്നോർക്കുക. ആധുനികതയെന്നാൽ തന്തയുടെ പിണ്ഡംതേടലും, ഇറച്ചിക്കത്തിയുടെ മണം പിടിക്കലുമാണെന്നു ധരിക്കുന്ന മൂഢാത്മാക്കളുണ്ട്. ബുദ്ധിമാന്ദ്യം ആജന്മശാപമല്ലേ! നിരൂപകന്റെ മാർജ്ജനക്രീയാതന്ത്രങ്ങൾക്ക് പഗ്ഗധനനായ ഒരു കവിയെ തീണ്ടുവാൻ ഒരുകാലും കഴിയുകയില്ല അയാളുടെ രചനകളെ

കംഗാരുകപോതങ്ങൾ വിഗണിച്ചാലും അശിക്ഷിതരായ ശകുന്തങ്ങൾ കണ്ടെത്തി നെഞ്ചോടണച്ചു ലാളിക്കും. ഈ ക്ഷിപ്രപ്രസിദ്ധിയുടെ പ്രവേശസ്ഥാനം അതാകുന്നു. വിമർശകുതന്ത്രങ്ങളുടെ 'കവചം ത്യജിച്ച്', ഹൃദയകമലം തുറന്ന്, 'കവിയെയും കവിതയെയും അറിയുവാൻ നോമ്പുനോല്ക്കുക.

"അറിവായ് സ്നേഹമുണ്ടെങ്കിൽ
അടയാളങ്ങൾവേണമോ"

വളരെ വൈകിയാണ് മധുസൂദനൻ കവിതകളുമായി പ്രത്യക്ഷപ്പെടുന്നത്; ഒരഞ്ഞൂറു കൊല്ലം മുൻപ് മുതൽ ഒരു കുടുംബത്തിലെ പലരിൽ വീർപ്പുമുട്ടിതിരിയുന്ന ആവിഷ്ക്കാരത്വരയാകെ ഒടുവിൽ ഒരാളിലേക്ക് ഒഴുകി വന്ന് വിജൃംഭിച്ച് പൊട്ടിയൊഴുകി സാഫല്യമടയുകയാണ്. ഏതെഴുത്തുകാരന്റെ കുടുംബപുരാണം പഠിച്ചാലും ഈ സർഗ ശക്തി രഹസ്യം ബോദ്ധ്യമാകും. മധുവിന്റെ അച്ഛൻ പ്രസിദ്ധനായ കളമെഴുത്തു പാട്ടുകാരനാണ്; നാടൻപാട്ടുകളിലും പുരാണങ്ങളിലും തികഞ്ഞ അവഗാഹമുള്ളയാൾ. ജ്യേഷ്ഠനും കവിതാവാസനയുണ്ട്. അരുവിയോട് ഗ്രാമത്തിൽ പിറന്നുവളർന്ന മധുവിന്റെ നാദത്തിന് താളവും ഈണവും കുളിർമ്മയുമേകിയതിൽ വലിയൊരുപങ്ക് നെയ്യാറും വഹിച്ചിട്ടുണ്ട്. നെയ്യാറിന്റെ പടവുകളിൽ ഏകനായിരുന്ന് ആ പ്രവാഹത്തിൽ കാലിട്ടടിച്ചും, ആ ജലം കോരിക്കുളിച്ചും, ആ ചിറ്റോളങ്ങളിൽ നീന്തിത്തുടിച്ചും വളർന്ന് പൊന്തിയ ഒരു ബാലനെ കാണുക. നെയ്യാറിനെ ഗോദാവരിയും, മന്ദാകിനിയും, സിന്ധു കാളിന്ദികളുമായി കാണുന്ന കവി പാടുന്നു:

"കൈയിൽ ഞാൻ കോരിയെടുത്ത
നിലാവിവരം
ഉള്ളിലേക്കെന്നെ പകർന്നചെരാതിവരം"

ഈ അന്യോന്യ സംപൃക്തതയിൽ മധുസൂദനന്റെ കവിതയുടെ ശക്തിസൗന്ദര്യങ്ങൾ വിരിയുന്നു.

അഗസ്ത്യഹൃദയത്തിലെങ്ങോ നിന്ന് ഉറവെടുക്കുന്ന നെയ്യാർ നമുക്ക് ദൃഷ്ടിഗോചരമാകുന്നത് വളരെ വളരെ ഒഴുകിവന്നശേഷമാണ്. മധുവിന്റെ കവിതയുടെയും ഉറവിടങ്ങളും, വിഷ്ക്കംഭസംരംഭങ്ങളും നാം അറിയുന്നില്ല. ഏറെ വൈകി പൊടുന്നനെ അതു നമ്മുടെ ഇന്ദ്രിയങ്ങൾക്കു മുന്നിലെത്തി. കഠിനമായ ക്ഷോഭത്തിനോ, ദീനമായ വരൾച്ചയ്ക്കോ ഒരു പാത്രം വിധേയയാകാതെ, 'മനസിൽ കലക്കങ്ങളുമായി ഒരാദിതാളത്തിലൊഴുകുന്നു ആ താമ്രവർണ്ണിനി: മധുസൂദനന്റെ കവിതയും. രണ്ടിലും മധുരോദാരമായൊരു അടിയൊഴുക്കായി മർത്ത്യസ്നേഹത്തിന്റെ നെയ്യുണ്ടെപ്പോഴും.

കോൺറാഡ് തന്റെ വിശ്വപ്രസിദ്ധമായ 'ലോർഡ്ജിം' എന്ന നോവലിലെ നായകനെ അവതരിപ്പിച്ചുകൊണ്ടുപറഞ്ഞു— "He is a romantic. He is one among us". ഞാനും ഈ കവിയെ ചൂണ്ടി അഭിമാനാഹ്ലാദങ്ങളോടെ അതുതന്നെ വിളിച്ചുപറയുന്നു.

നമ്മുടെ കവികളിൽ ഒരു വിഭാഗം ആര്യവംശജരായ പുരാണ കഥാപാത്രങ്ങളെമാത്രം പ്രതീകങ്ങളാക്കി. അവരുടെ ഗാഥകൾമാത്രം പല ഈണങ്ങളിൽ പാടി. തനി ദ്രാവിഡമൂർത്തികളോടായിരുന്നു വേറെ ചിലർക്കു പ്രിയം. എന്നാൽ അഗസ്ത്യനേയും, ശകുന്തളയേയും, നാറാണത്തുഭ്രാന്തനേയും, സീതാരാമൻമാരെയും, കാളിയേയും യക്ഷികളേയും പ്രതീകങ്ങളോ നിമിത്തങ്ങളോ ആയി സ്വീകരിക്കുകയും, അവർക്ക് പുതുഭാഷ്യങ്ങൾ ചമയ്ക്കുകയും ചെയ്യുന്ന മധുസൂദനന്റെ സാഹിതി ആര്യദ്രാവിഡ സംസ്ക്കാരസംശ്ലേഷണത്തിന്റെ ഉൽപന്നമാകുന്നു. അതല്ലേ നമ്മുടെയൊക്കെ യഥാർത്ഥ സംസ്ക്കാരവും? സംഘം കൃതികളിലും, വേദോപനിഷത്തുകളിലും, അഷ്ടാംഗ ഹൃദയത്തിലും, ജ്യോതിഷത്തിലും യഥേഷ്ടം അധ്വഭിന്നതകളേശാതെ ആ കാവ്യാംഗന വിഹരിക്കുന്നു.

ചുടുകാട്ടിലെരിയാതെരിയുന്ന തിരിയായ്നിന്ന് നെരുചികയുന്ന ഭ്രാന്തനും താന്തനുമായ കവി ഏതു പഴംപുരാണത്തിലും ദുരന്തമയമായ സമകാലിക ജീവിതത്തെ പ്രതിബിംബിപ്പിച്ചു വ്യാഖ്യാനിക്കുന്നു. അയാൾ പാതയോരത്തു പന്തവുമേന്തിനിൽക്കുന്ന വെറും കർമ്മസാക്ഷിയല്ല. ചുടലക്കളത്തിനു നടുവിൽ കരളിൽ കലകത്തിറ ചുഴികുത്തുമായ് നിന്നെരിയുന്നവനത്രേ. കത്തുന്ന പന്തമേന്തിയവനിൽനിന്ന് സ്വയം കത്തുന്നവനിലേക്കുള്ള ദൂരം മധു നടന്നുകയറിയപ്പോൾ ആധുനികതയിൽനിന്നും ആധുനികോത്തരത്തിലേക്കുള്ള ദൂരം മലയാളകവിത താണ്ടുകയായി.

പതിനൊന്നുപേരുടെ കൂടെപ്പിറപ്പായ മധുസൂദനൻ 'പ്രന്തണ്ടുകക്കളെപ്പെറ്റൊരമ്മേ' എന്നു സംബോധനചെയ്യുമ്പോൾ വിളികേൾ

ക്കുന്നത്, വരരുചിയുടെ പത്നി മാത്രമല്ല, സ്വന്തം മാതാവുമാണ്. ''നാറാണത്തുഭ്രാന്തൻ'' ഒരു കാചത്തിൽവീഴുന്ന പ്രഭാരശ്മിപോലെ കവിയുടെ കുടുംബത്തിനുള്ളിലേക്ക് സന്നിപതിക്കുകയും., അവിടെനിന്ന് വിശ്വങ്ങളിലേക്ക് വ്യുൽക്രമിക്കുകയും ചെയ്ത് അർത്ഥപ്പൊലിമനേടുന്നു.

മധുസൂദനന്റെ ദർശനം ഒരിക്കലും ഒരു പെസിമിസ്റ്റിന്റേതല്ല. കൺവെട്ടത്തിലുള്ളതെല്ലാം തമഃജ്വാലകൾ വിഴുങ്ങുന്നതു കണ്ട്, 'ഊഴിയിൽ ദാഹമേ ബാക്കി' എന്ന തിരിച്ചറിവിലെത്തുമ്പോഴും അദ്ദേഹം ഉരച്ചുഴിയിൽ ഒരു മിന്നുവെട്ടം കാണുന്നു. ആ നുറുങ്ങുവെളിച്ചത്തെയെങ്കിലും ഇരുൾപത്തി കൊത്താതെ കാക്കുവാൻ കൈപ്പത്തി നീട്ടുന്നു ജീവന്റെ കുഴലിൽ നിന്ന് അമരഗീതംപോലെ ആത്മാക്കൾ ഇഴചേർന്നൊരദ്വൈതപത്മമുണ്ടായ്വരും എന്ന് അടിയുറച്ചു വിശ്വസിക്കുന്ന ആജൻമശുദ്ധമായ മർത്ത്യസ്നേഹത്തിന്റെ മസൃണതയാണ് മധുസൂദനന്റെ ശബ്ദത്തിന് എന്തെന്നില്ലാത്ത ഹൃദയാവർജ്ജകത്വമിയറ്റുന്നത്.

വല്ലപ്പോഴുമേ ഈ കവി ഹാസ്യത്തിന്റെ തിക്തമധുരം പകർന്നുതരൂ. അതിന് ശ്രോതാവിന്റെ നാഡീവ്യൂഹമാകെ എരിഞ്ഞുപടർന്നുകയറുവാനുള്ള നിശിതത്വവുമുണ്ടായിരിക്കും. ''ആണ്ടേയ്ക്കൊരിക്കലോരാഗസ്റ്റു പതിനഞ്ചിനരുമയായ് നുണയുന്ന മധുരമോദാരതം?'' എന്ന ചോദ്യംപോലെ.

''പ്രസവമേല്ക്കാത്തൊരമ്മതൻനെഞ്ചിലെ
പ്രകടമാകാത്ത വെൺമുലപ്പാലുപോൽ''

ഊറിത്തെളിയുന്ന ഈ കാല്പനിക ഭംഗികൾ 'കാഞ്ചനകാഞ്ചി കുലുങ്ങിക്കുലുങ്ങി'യപ്പോൾ നാം കണ്ടതും കേട്ടതുമല്ല. അതെ, മധുസൂദനൻ കാൽപനികൻതന്നെ നമ്മിലൊരുവൻ. അപൂർവ്വ സംഭവനായ ഒരു റൊമാന്റിക്.

വാക്കിന്റെ പൊരുൾ തേടുന്ന ഈ വാഗർത്ഥക്കാരൻ അചുംബിത ബിംബങ്ങളും വിസ്മയ പുളകങ്ങളുണർത്തുന്ന നവപദശ്ലേഷണങ്ങളും കൊണ്ട് സമകാലിക കവികൾക്കിടയിൽ വേറിട്ടൊരു സ്വരമായ് നിലകൊള്ളുന്നു.

''ഓർമ്മയിലൊരൂടുവഴി വരരുചിപ്പഴമയുടെ നേർവരയിലേക്കു തിരിയുന്നു.

''വാക്കിന്റെ യജ്ഞപാത്രത്തിലാത്മാവിനെ കോരുക''

''ആർത്തിപ്പെരുമ്പാമ്പ് ചുററിവിഴുങ്ങിയൊരമ്പിളിപ്പിറാവിനോടു ചോദിക്കുക. നെഞ്ചിൽ വെടിയേല്ക്കെ ഒരു വൃദ്ധഹൃദയം വാർത്ത രക്ത സങ്കീർത്തനത്തോടു ചോദിക്കുക''

''അമ്മതൻ മടിയിൽ ഓടിവന്ന് ഉദയമാവുക''

'ഭൂഹൃദയരേഖകൾ' 'അക്ഷരപ്പിച്ച' 'ഉടന്തടിത്തുടിപ്പുകൾ'' ജലവിനോദികൾ''മൗനകോശങ്ങൾ''കാലം മയങ്ങുന്ന കനലുകൾ' ഇവയ്ക്കെല്ലാമപ്പുറം ഓർത്തോർത്തു രസിക്കുവാൻ അതാവരുന്നൂ ''ഗുപ്താഭിലാഷ സംക്ഷോഭിണി''

പദങ്ങൾ സ്വയം ഓടിയെത്തി ഉരുക്കിച്ചേരുകയാണ്. സരസ്വതി അറിഞ്ഞനുഗ്രഹിച്ചവന്റെ ''ഓർക്കാപ്പുറങ്ങളിലെ വീഴക്ഷരങ്ങൾ'' കേവലധൈഷണികവ്യാപാരത്തിന്റെ അഭ്യാസപ്രകടനമല്ല ഈ പദച്ചേരുവകൾ.

ചുററും അഞ്ചല്ല അമ്പതു വേടൻമാർ അമ്പെയ്തെയ്തു നിന്നോട്ടെ, ഈ വാനമ്പാടി തന്റേതുമാത്രമായ സാരള്യത്തിന്റെ ചിരിയുമായി നിന്ന് പാടും...

''കാട്ടിൽപോണ വഴിയറിയാം
ഞാൻ കട്ടിത്തരുവേനെല്ലാർക്കും''

ഞാൻ എന്റെ പ്രിയശിഷ്യന്റെ, അനുജന്റെ, സുഹൃത്തിന്റെ, സഹയാത്രികന്റെ നെറുകയിൽ കൈവച്ചുകൊണ്ട് ഹൃദയംനിറഞ്ഞു ചൊല്ലുന്നു—

''എല്ലാവർക്കും വഴികാട്ടിയായി,''പശ്യേമ ശരദശ്ശതംസാർത്ഥകം.''

□

# അദ്ധ്യാപകന്റെ ചലനാത്മക വ്യക്തിത്വം തിരിച്ചറിയണം



തൃശൂർ കേരളവർമ്മകോളേജ് എ. കെ. പി. സി. ടി. എ. യൂണിറ്റ് സംഘടിപ്പിച്ച പ്രൊഫ. ആർ. ആർ. സി. അനുസ്മരണപ്രഭാഷണം പ്രൊഫ. വി. അരവിന്ദാക്ഷൻ നിർവഹിക്കുന്നു.

ഇന്ന് അദ്ധ്യാപനം ഒരു അടിമവേലയായിരിക്കുകയാണെന്ന് പ്രൊഫ. വി. അരവിന്ദാക്ഷൻ അഭിപ്രായപ്പെട്ടു. സർക്കാരിന്റെയും മാനേജുമെന്റുകളുടെയും വിവിധതരം നിക്ഷിപ്ത താൽപര്യങ്ങളിൽനിന്നും വിമുക്തമാകാതെ സാർത്ഥകവും സ്വതന്ത്രവുമായ ഒരദ്ധ്യാപനരീതി രൂപപ്പെടുത്തുവാൻ കഴിയുകയില്ലെന്നും അദ്ദേഹം പറഞ്ഞു. ശ്രീകേരളവർമ്മ കോളേജിൽ അദ്ധ്യാപനത്തിന്റെ രാഷ്ട്രീയവും സംസ്കാരവും എന്ന വിഷയത്തെ അടിസ്ഥാനമാക്കി ആർ. ആർ. സി അനുസ്മരണ പ്രഭാഷണം നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു പ്രൊഫ. അരവിന്ദാക്ഷൻ എ കെ പി സി ടി എ കേരളവർമ്മ കോളേജ് യൂണിറ്റ് സംഘടിപ്പിച്ച പ്രൊഫ. ആർ ആർ. സി. യുടെ മൂന്നാം ചരമവാർഷികദിനാചരണത്തിൽ പ്രൊഫ കാളിയത്ത് ദാമോദരൻ അദ്ധ്യക്ഷത വഹിച്ചു. തുടങ്ങാൻപോകുന്ന സ്വയംഭരണകോളേജുകളിൽ മാനേജുമെന്റിനാണോ ഫാക്കൽറ്റികൾക്കാണോ സ്വതന്ത്ര പദവിയെന്ന കാര്യം വ്യക്തമാക്കണമെന്ന് അരവിന്ദാക്ഷൻ ആവശ്യപ്പെട്ടു.

അദ്ധ്യാപകന്റെ വ്യക്തിത്വം ഇതര തൊഴിൽമേഖലകളിൽനിന്നും അടിസ്ഥാനപരമായിതന്നെ വ്യത്യസ്തമാണ്. വൈവിധ്യപൂർ



സദസ്

ണ്ണമായ ഒട്ടേറെ നിലകളിൽ അദ്ധ്യാപകന് തന്റെ വൈദഗ്ധ്യങ്ങൾ പ്രകടിപ്പിക്കേണ്ടതായിട്ടുണ്ട്. ഒരേസമയം വിദ്യാർത്ഥിയുടെയും രക്ഷാകർത്താവിന്റെയും സമൂഹത്തിന്റെയും പ്രതീക്ഷകൾ നിറവേററാനയാൾക്ക് ബാദ്ധ്യതയുണ്ട്. അദ്ധ്യാപനത്തിൽ സവിശേഷ വൈദഗ്ധ്യം നേടുകയും അനുക്ഷണവികസ്വരമായ വിജ്ഞാനധാരകളോടൊപ്പം വളരുകയും ചെയ്യേണ്ടതുകൊണ്ട് തുടർച്ചയായ അഴിച്ചുപണിയലുകൾക്ക് അദ്ധ്യാപകൻ സന്നദ്ധനാകേണ്ടതുണ്ട്. വിവിധ വിജ്ഞാനശാഖകൾ തമ്മിലുള്ള ജൈവബന്ധം കണ്ടെത്തിക്കൊണ്ട് സമകാലിക പ്രശ്നങ്ങളിൽ ദേശീയവും ജനകീയവുമായ ഒരു മനോഭാവം വിദ്യാർത്ഥികളിൽ സൃഷ്ടിച്ചെടുക്കുകയായിരിക്കണം അദ്ധ്യപനത്തിന്റെ ലക്ഷ്യം. അദ്ധ്യാപനം സവിശേഷമായ ഒരു മനോഭാവ രൂപീകരണമായിരിക്കുന്നതുകൊണ്ട് അതിനെ മണിക്കൂറുകൾവെച്ച് അളക്കുവാനുള്ള പ്രവണത ഉപേക്ഷിക്കണമെന്നദ്ദേഹം അഭിപ്രായപ്പെട്ടു. അദ്ധ്യാപനത്തിന്റെ സങ്കീർണ്ണമായ സാംസ്കാരിക സത്തയെ വിലമതിക്കുവാൻ ഇവിടെയാർക്കും കഴിയുന്നില്ലെന്നും അദ്ദേഹം പറഞ്ഞു.

ബഹുവിധമാനങ്ങളുള്ള അദ്ധ്യാപകന്റെ സവിശേഷ വ്യക്തിത്വത്തെ തിരിച്ചറിഞ്ഞുകൊണ്ടുള്ള സംഘടനാപ്രവർത്തനം അദ്ധ്യാപകർക്കിടയിൽപ്പോലും കാണാൻ കഴിയുന്നില്ല. അദ്ധ്യാപകരുടെ ട്രേഡ് യൂണിയൻപ്രവർത്തനങ്ങളിലും സാരമായ അഴിച്ചു പണിയലുകൾ ആവശ്യമായിരിക്കുന്നുവെന്ന് അരവിക്ഷൻ അഭിപ്രായപ്പെട്ടു. സ്വതന്ത്രവും ചലനാത്മകവുമായ ഒരു അക്കാദമിക് സംസ്കാരത്തെ ലക്ഷ്യമാക്കിക്കൊണ്ടുള്ള സംഘടനാ പ്രവർത്തനങ്ങളിലേയ്ക്ക് അദ്ധ്യാപകർ തിരിച്ചു വരേണ്ട ഘട്ടമാണിതെന്ന് പ്രൊഫ. അരവിന്ദാക്ഷൻ പറഞ്ഞു.

കേരളത്തിലെ കോളേജദ്ധ്യാപകരുടെ പ്രമുഖനേതാവായിരുന്ന പ്രൊഫ. ആർ. ആർ. സി. യെ അനുസ്മരിച്ച്കൊണ്ട് എ കെ പി സി ടി എ സംസ്ഥാന ജനറൽ സെക്രട്ടറി പ്രൊഫ. സദാശിവൻ നായർ, എ കെ ജി സി ടി ജില്ലാ പ്രസിഡന്റ് പ്രൊഫ. പി. എൻ. പ്രകാശ് എന്നിവർ സംസാരിച്ചു. പ്രൊഫ. പി. എസ്. നാരായണൻ സ്വാഗതവും പ്രൊഫ. എം. ബാലചന്ദ്രൻ നന്ദിയും പറഞ്ഞു. □

# പ്രീഡിഗ്രി ഡീലിങ്കിങ്ങ്: മററുസംഘടനകളുടെ നിലപാട് അധ്യാപകവിരുദ്ധം.

പ്രീഡിഗ്രി ഡീലിങ്കിംഗിന്റെ പേരിൽ നിലവിലുള്ള ഒററ അധ്യാപകനെയും ബോർഡിലേക്കു മാററരുതെന്നും ഡീലിങ്കിംഗ് പൂർത്തിയാകുന്നതുവരെ പരീക്ഷകൾ സർവ്വകലാശാലകൾ നടത്തണമെന്നും എ കെ പി സി ടി എ ആവശ്യപ്പെടുമ്പോൾ മററു സംഘടനകൾ ആവശ്യപ്പെടുന്നത് പരീക്ഷ ബോർഡു നടത്തണമെന്നും അധ്യാപകരെ ബോർഡിലേക്ക് മാററണമെന്നുമാണ്. എ കെ പി സി ടി എ യുടെ നിലപാടും ഇതര സംഘടനകളുടെ നിലപാടും വ്യത്യസ്തമാണെന്ന് ഇതിൽ നിന്നും കാണാൻ കഴിയും.

## K. P. C. T. U.

**Delinking in a phased manner'**

"In 1985 when the idea of delinking PreDegree was mooted the proposal was that the course would be phased out from the college in ten years. Had it been carried out then the delinking would have been completed by now. The then government was willing to finance in to the amount of money needed for effecting the reform......"

**'Transitional Period'**

"Five years from now seems to be sufficient for completing the delinking process......"

**Distribution of academic work within UGC frame**

.............................................................

(iv) to send willing teachers to the +2 on deputation basis

(v) give teachers the opportunity to exercise option to go to +2, accomodating as far as possible the choice of their station 'home College'

**Administration during the transition**

"At the apex level the Higher Secondary Board must be constituted at once. It must forth with take over overall control of the Pre-Degree Course. The University must disburden itself in a single stroke the responsibility for administering the Pre-Degree Course. This administration both by Board and University of the Pre-Degree Course can create a lot of confusion and conflict. The Uuiversity must handle only Issues relating to students whose examinations it had already conducted The framing of syllabus, service conditions of teachers, the conduct of the examinations and all matters relating to +2 must be entrusted to the newly constituted board. Where there is a dispute with regard to sharing of facilities in the colleges, the Government must intervene to ease out the situation...... ........... where the course is conducted in independent campuses new principals may be appointed on terms and conditions set by the government. In collges, the charge of the Pre-Degree must be entrusted to the Vice-Principal, a post newly created for the purpose ........"

അദ്ധ്യാപക താൽപര്യം സംരക്ഷിക്കുന്നവർ എന്ന് മേനിനടിക്കുന്ന ഇക്കൂട്ടർ ഒരു വലിയ വിഭാഗം അദ്ധ്യാപകരെ ഹയർ സെക്കണ്ടറി ബോർഡിലേക്ക് മാററി തരം താഴ്ത്തണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. തികച്ചും വ്യത്യസ്തങ്ങളായ സേവന വേതന വ്യവസ്ഥകൾ നിലവിൽ വരാൻ പോകുന്ന ഹയർസെക്കൻഡറി ബോർഡിലേക്ക് പോകുവാൻ കോളേജദ്ധ്യാപകർക്ക് 'ഓപ്ഷൻ' നൽകണമെന്ന 'മഹത്തായ' നിർദ്ദേശ

വും ഇവർ സമർപ്പിച്ചിട്ടുണ്ട്. പ്രീ ഡിഗ്രി —ഡിഗ്രി വ്യത്യാസമില്ലാതെ ഒരേ ക്യാമ്പസിൽ ഇന്നു പ്രവർത്തിക്കുന്ന കോളേജുകളെ വെട്ടിമുറിച്ച് അതതു ക്യാമ്പസിൽ പ്രീ ഡിഗ്രി (+2), ഡിഗ്രി കോളേജുകളാക്കണമെന്നും, പ്രീഡിഗ്രി (+2) കോളേജുകളുടെ രണ്ടത്തിന് പുതിയ തസ്തികകൾ ഉണ്ടാക്കണമെന്നും നിർദ്ദേശിച്ചിരിക്കുന്നു. എത്ര ആകർഷകമായ നിർദ്ദേശം! അദ്ധ്യാപകരെ പല തട്ടുകളിലാക്കുന്നതിനെതിരെ വാചക കസർത്തു നടത്തുന്ന ഇവരുടെ ആത്മാർത്ഥതയ്ക്കും അദ്ധ്യാപക സ്നേഹത്തിനും ഇതിലേറെ തെളിവുകൾ വേണ്ടല്ലോ!

## പിസിടിഎയുടെ നിർദ്ദേശങ്ങൾ

"The recommendations of the V. C' Committee in regard to the formation of the Pre-Degree Board in 1986 may be considered as a basis for the formation of the Higher Seeondary Board and delinking Pre-Degree from Colleges."

1986ലെ പ്രീ ഡിഗ്രി ബോർഡ് സമരത്തെ തുടർന്ന് ഉണ്ടാക്കിയ വി. സി. കമ്മറ്റി റിപ്പോർട്ടിലും കോളേജിൽതന്നെ പ്രീഡിഗ്രിയെ വേർപെടുത്തി നിർത്തുകയും പരീക്ഷ ബോർഡിന്റെ കീഴിലാക്കുകയും ചെയ്യണമെന്നു തന്നെയായിരുന്നു നിർദ്ദേശം. അദ്ധ്യാപക സമൂഹം തള്ളിക്കളഞ്ഞ പഴയ നിർദ്ദേശങ്ങൾ വീണ്ടുംവരണമെന്ന് പറയുന്നത് പ്രീഡിഗ്രി ബോർഡ് വീണ്ടും വരണമെന്നു പറയുന്നതിനു തുല്യമാണ്

### Administrative Control


Till the bifurcation is complete both sections should be under the control of the Principal of the College. There must be an administrative wing to Pre Degree Section. This wing can be under the control of Vice Principal of the College and will deal with the admission, examination etc. relating to the students of the Pre-Degree Section.

### Conduct of examination

The examination of the 2nd year Pre-Degree Students to be conducted by the Universities in the year of formation of the board and the first year examination by the board. In two years all the regular and private students of Pre Degree can be brougt under the Board and examinations conducted by the board

ഒരേ കലാലയത്തിൽ തന്നെ ഡിഗ്രിയും പ്രീ ഡിഗ്രിയും നടത്തണമെന്നും വൈസ് പ്രിൻസിപ്പലിന് പ്രീ ഡിഗ്രിയുടെ ചുമതല കൊടുക്കുകയും, പരീക്ഷബോർഡിന്റെ കീഴിലാക്കുകയും വേണമെന്ന് ഇതിൽനിന്നും വ്യക്തമാണ്. രോഗി ഇച്ഛിച്ചതും വൈദ്യൻ കൽപ്പിച്ചതും ഒന്ന്.

(ശേഷം 19-ാം പേജിൽ)



## അജിത്കുമാറിന് ഡോക്ടറേറ്റ്

മട്ടന്നൂർ എൻ.എസ്.എസ്. കോളേജ് ഹിന്ദി അദ്ധ്യാപകൻ പി. കെ. അജിത് കുമാറിന് കാലിക്കട്ട് സർവ്വകലാശാലയിൽ നിന്നും ഡോക്ടറേറ്റ് ലഭിച്ചു. രാംധാരി സിൻഹദിനകറുടെ കവിതയിലെ രാഷ്ട്രീയ ദർശനത്തെക്കുറിച്ച് നടത്തിയ പഠനത്തിനാണ് ഡോക്ടറേറ്റ് കിട്ടിയത്.

എ കെ പി സി ടി എ യിലെ സജീവ അംഗമാണ് ശ്രീ. അജിത് കുമാർ.

# സർവ്വകലാശാല ബിൽ 1993 തൃശ്ശൂരിൽ സെമിനാർ

എ. കെ. പി. സി. ടി. എ.—എ. കെ. ജി. സി. ടി. സംഘടനകളുടെ നേതൃത്വത്തിൽ പുതിയ സർവ്വകലാശാലാബില്ലിനെപ്പററി 1994 ജനുവരി 15 ന് തൃശ്ശൂർ ഗവ: ട്രെയിനിംഗ് കോളേജിൽ വച്ച് സെമിനാർ നടക്കുന്നതാണ്. തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ നടന്ന സെമിനാറുകൾ ശ്രദ്ധേയങ്ങളായിരുന്നു.

തൃശ്ശൂർ സെമിനാറിന്റെ പ്രധാന വിഷയം പരീക്ഷാവ്യവസ്ഥയാണ്. കാലിക്കററ് സർവ്വകലാശാലയുടെ മുൻവിദ്യാഭ്യാസ വകുപ്പുതലവൻ ഡോ. കെ. സോമൻ മുഖ്യപ്രബന്ധം അവതരിപ്പിക്കും. ഡോ. ജി. കാർത്തികേയൻ (മധുര യൂണിവേഴ്സിററി) ഡോ. കെ. ഉണ്ണികൃഷ്ണൻ (കാലിക്കട്ട് സർവ്വകലാശാല) പ്രൊഫ. കെ. ആർ. ജനാർദ്ദനൻ (പ്രസിഡൻറ്, ശാസ്ത്രസാഹിത്യപരിഷത്ത്) പ്രൊഫ. പി. നരേന്ദ്രൻ (മുൻ സിൻഡിക്കേററംഗം, കേരളസർവ്വകലാശാല) എന്നിവർ സംസാരിക്കും.

(18-ാം പേജിന്റെ തുടർച്ച)

## College Lecturers' Forum

"(i) The teaching Staff of the Higher Secondary Division consists of teachers who are sent from the college by the management for a term of two years, at a time, on a rotation basis as part of the work arrangement."

... ... ... ... ... ... ... ... ... ... ... ...

... ... ... ... ... ... ... ... ... ... ...

"From the composite body of teachers thus created the Manager of the college (Unitary or corporate), in consultation with the principal of the parent institutions, may nominate teachers to render compulsory service to the Higher Secondary Board for a period not extending over two years at a time, as part of the work arrangement on a rotation basis."......................

ജൂനിയർ അദ്ധ്യാപകരുടെ സംരക്ഷകരായി ചമയുന്ന ഇവർക്ക് പ്രീ-ഡിഗ്രി ഡീലിങ്കിംഗിന്റെ പേരിൽ കോളേജദ്ധ്യാപകരെ ഹയർ സെക്കണ്ടറി ബോർഡിലേക്ക് അയക്കണമെന്ന നിർദേശമുണ്ട്. ഇങ്ങനെ അദ്ധ്യാപകരെ അയക്കുന്നത് റൊട്ടേഷന്റെ അടിസ്ഥാനത്തിലായിരിക്കണമെന്നുമാത്രം. ഹയർസെക്കണ്ടറിബോർഡിന്റെ കീഴിൽ കോളേജദ്ധ്യാപർ 2 വർഷം വീതം നിർബന്ധസേവനം നടത്തണമെന്നും മുഴുവൻ അദ്ധ്യാപകരെയും ഈ ഏർപ്പാടിനു വിധേയരാക്കണമെന്നുകൂടി ഇവർ നിർദ്ദേശിച്ചിരിക്കുന്നു. യാതൊരു കാരണവശാലും ഇന്നു സർവീസിലുള്ള ഒരു കോളേജദ്ധ്യാപകനെയും തരംതാഴ്ത്താൻ പാടില്ല എന്ന ശക്തമായ നിലപാട് എടുക്കുവാൻ ഇവർ തയ്യാറല്ല. ഇവരുടെ അദ്ധ്യാപകസ്നേഹം ബഹുവിചിത്രം തന്നെ!

## ശാസ്ത്ര സാഹിത്യ പരിഷത്ത്

# കേരളത്തിലെ വിദ്യാഭ്യാസ പരിഷ്ക്കാരം ചില നിർദ്ദേശങ്ങൾ

### 1 ആമുഖം

1.1 കേരളത്തിലെ വിദ്യാഭ്യാസം ഗുരുതരമായ കുഴപ്പത്തിലാണ് എന്ന് ആരെയും ബോധ്യപ്പെടുത്തേണ്ടതില്ല. അടിക്കടി നടക്കുന്ന സമരങ്ങൾ, സമയത്ത് നടക്കാത്ത പരീക്ഷകളും എപ്പോഴോ പുറത്തു വരുന്ന പരീക്ഷാഫലങ്ങളും, അതിലെ ഉയർന്ന പരാജയ ശതമാനം, സ്വകാര്യ വിദ്യാലയങ്ങളിലെ നിയമനങ്ങളും പ്രവേശനങ്ങളും കോഴകൊടുക്കുന്നവർക്കോ സ്വാധീനശക്തിയുള്ളവർക്കോ മാത്രമേ കിട്ടു എന്ന സ്ഥിതി, 34ലക്ഷം കവിഞ്ഞു നിൽക്കുന്ന കേരളത്തിലെരജിസ്റ്റർ ചെയ്ത തൊഴിലില്ലാത്തവരുടെ എണ്ണം മുതലായവ ഈ കുഴപ്പത്തിന്റെ സൂചികകളാണ്.

1.2 രാഷ്ട്രീയത്തിന്റെ അതിപ്രസരം, അക്കാദമിക് തലത്തിലെ ജനാധിപത്യ വത്ക്കരണം, വിവിധ വിഭാഗങ്ങളുടെ സംഘടനാ ബാഹുല്യം എന്നിവ വിദ്യാഭ്യാസരംഗത്തെ ഈ അധഃപതനത്തിനു കാരണമായി ചൂണ്ടികാണിക്കപ്പെടുന്നു. പരസ്യമായ അഴിമതി, ക്യാമ്പസുകളിലെ പഠനാന്തരീക്ഷത്തിന്റെ അഭാവം, സിലബസ് ആവിഷ്ക്കരണത്തിലും മൂല്യനിർണ്ണയത്തിലുമുള്ള അപാകതകൾ, ഭരണതലത്തിലെ വൈകല്യങ്ങൾ എന്നിവ ഈ പ്രശ്നവുമായി ബന്ധപ്പെട്ട് ചർച്ചചെയ്യപ്പെടുന്ന കാര്യങ്ങളാണ്. ഏതായാലും, കേരളത്തിലെ വിദ്യാഭ്യാസനിലവാരം മോശമാണെന്ന ധാരണ ജനങ്ങൾക്കിടയിൽ പരക്കെയുണ്ട്, അതിന് അവർ ചൂണ്ടിക്കാട്ടുന്ന കാരണങ്ങൾ വ്യത്യസ്തമാണെങ്കിലും.

1.3 കേരളത്തിലെ ജനങ്ങൾ മറ്റേതു സംസ്ഥാനത്തുള്ളവരേക്കാളും വിദ്യാഭ്യാസ കാര്യത്തിൽ തല്പരരാണ്. 5–15 വയസുകാരിൽ ബഹുഭൂരിപക്ഷവും വിദ്യാലയങ്ങളിൽ ചേർന്നുപഠിക്കുന്നത് അതുകൊണ്ടാണ്, വിദ്യാഭ്യാസം കൊണ്ടേ തങ്ങളുടെ കുട്ടികൾക്കു മേൽഗതിയുള്ളൂ എന്ന ബോധ്യം നിരക്ഷരരായ രക്ഷിതാക്കൾക്കുപോലുമുണ്ട്. അതിനാൽ 62 ലക്ഷത്തിൽ പരം വിദ്യാർഥികളും ഒരു കോടിയോളം വരുന്ന അവരുടെ മാതാപിതാക്കളും രണ്ടു ലക്ഷത്തിൽപരം വരുന്ന അധ്യാപകരും മററു ജീവനക്കാരും അടങ്ങുന്ന ജനസഞ്ചയം വിദ്യാഭ്യാസ കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കുന്നു. എന്നാൽ ഇവരിൽ മിക്കവരും വ്യക്തിപരമായി താന്താങ്ങളുടെ കാര്യത്തിൽ മാത്രമെ ശ്രദ്ധിക്കുന്നുള്ളൂ. സർക്കാർ പ്രോൽസാഹിപ്പിക്കുന്ന വ്യക്തിനിഷ്ഠ വിദ്യാഭ്യാസ നയമാണ് ഇതിനു പ്രധാന കാരണം. തന്മൂലം വിദ്യാഭ്യാസത്തിന്റെ സമൂഹ നിഷ്ഠവശം അവഗണിക്കപ്പെടുന്നു. കേരളത്തിലെ വിദ്യാഭ്യാസം ഇത്രമാത്രം ജീർണ്ണിക്കാൻ ഒരു പ്രധാന കാരണം ഇതാണ്.

1.4 കേരള ശാസ്ത്രസാഹിത്യ പരിഷത്ത് രൂപപ്പെട്ട കാലം മുതൽക്കു തന്നെ വിദ്യാഭ്യാസ കാര്യങ്ങളിൽ താത്പര്യം പ്രകടിപ്പിച്ചിരുന്നു. മാതൃഭാഷയിലൂടെ വിദ്യാഭ്യാസം എന്ന ആശയം 1960 കളിൽ പരിഷത്ത് ശക്തിയായി അവതരിപ്പിച്ചിരുന്നു. എൻ.സി.ഇ.ആർ.ടി. സിലബസ് കേരളത്തിലെ വിദ്യാലയങ്ങളിൽ നടപ്പാക്കപ്പെട്ടപ്പോൾ അധ്യാപക പുനർപരിശീലനത്തിന് പരിഷത്ത് സഹായിക്കുകയുണ്ടായി. വിദ്യാർഥികളെ ശാസ്ത്ര തല്പരരാക്കുന്നതിനായി വിദ്യാലയങ്ങളിൽ സയൻസ് ക്ളബ് പ്രവർത്തനം സജീവമാക്കുന്നതിന് അതു പ്രവർത്തിച്ചു. അതേ ലക്ഷ്യത്തോടെ 1960 കളുടെ അവസാനം യുറീക്കാ, ശാസ്ത്രകേരളം എന്നീ രണ്ടു ശാസ്ത്ര മാസികകൾ പ്രസിദ്ധീകരിക്കാൻ തുടങ്ങി. ഇവയുടെ ആഭിമുഖ്യത്തിലുള്ള വിജ്ഞാന പരീക്ഷകൾ ശാസ്ത്ര ബോധത്തിന്റേയും മൂല്യനിർണ്ണയത്തിന്റേയും പുതിയ രൂപങ്ങൾ വളർത്തികൊണ്ടുവന്നു.

1.5 എഴുപതുകളുടെ ആദ്യം അനൗപചാരിക സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി 'സ്റ്റാർട്ട്' ആരംഭിച്ചു. ഔപചാരിക പരിശീലനം സിദ്ധിക്കാത്ത സാങ്കേതിക തൊഴിലാളികൾക്ക് അത് നൽകി അവരുടെ തൊഴിൽക്ഷ

(ശേഷം 21-ാം പേജിൽ)



## മേരി ത്രേസ്യ പി. മിറാൻഡായ്ക്ക് ഡോക്ടറേറ്റ്

കൊല്ലം ഫാത്തിമാ കോളേജ് സുവോളജി അധ്യാപിക ശ്രീമതി. മേരി ത്രേസ്യ പി. മിറാൻഡക്ക് കേരള സർവ്വ കലാശാലയിൽ നിന്നും ഡോക്ടറേറ്റ് ലഭിച്ചു.

എകെപിസിടിഎ യിലെ സജീവ അംഗമാണ് ശ്രീമതി മേരി ത്രേസ്യാ പി. മിറാൻഡ.

# ജില്ലാ തെരഞ്ഞെടുപ്പ് ജില്ലാ സമ്മേളനത്തിൽ നടത്തണം

പുതുക്കിയ ഭരണഘടനപ്രകാരം ജില്ലാഭാരവാഹികളെ ജില്ലാസമ്മേളനത്തിൽ വച്ച് തെരഞ്ഞെടുക്കണം. സംസ്ഥാന പ്രവർത്തക സമിതി തീരുമാനിച്ച ഇലക്ഷൻ ഷെഡ്യൂൾ അനുസരിച്ച് ജില്ലാ ഇലക്ഷൻ ഫെബ്രുവരി 19—നും മാർച്ച് 12—നും ഇടയ്ക്ക് നടത്തണം. ജില്ലാ റിട്ടേണിംഗ് ഓഫീസറെ ഫെബ്രുവരി 20നു മുമ്പു കൂടുന്ന ജില്ലാകമ്മറ്റികൾ നിയമിക്കണം.

(20-ാംപേജിന്റെ തുടർച്ച)

മത വർധിപ്പിക്കുകയായിരുന്നു ഉദ്ദേശ്യം. പ്രയോഗത്തിൽ അതിനെ ഒരു സർട്ടിഫിക്കററിനു വേണ്ടിയുള്ള ഉപായമാക്കാൻ ചിലർ ശ്രമിച്ചപ്പോൾ അത് നിർത്തിവച്ചു. വയോജന വിദ്യാഭ്യാസ പദ്ധതി സംബന്ധിച്ച പരിഷത്തിന്റെ ആദ്യനിർദ്ദേശങ്ങൾ ആവിഷ്ക്കരിക്കപ്പെട്ടത് 1970 കളുടെ അന്ത്യത്തിലാണ്.

1.6 ഈ അനുഭവങ്ങളുടെയെല്ലാം വെളിച്ചത്തിലാണ് സമഗ്രമായ ഒരു വിദ്യാഭ്യാസ രേഖ അവിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യം പരിഷത്തിന് ബോധ്യപ്പെട്ടത്. നിരവധി വിദ്യാഭ്യാസ വിദഗ്ധരും പ്രവർത്തകരുമായി ആശയ വിനിമയം ചെയ്ത് തയ്യാറാക്കിയ വിദ്യാഭ്യാസ രേഖ മഞ്ചേരി സംസ്ഥാന സമ്മേളനത്തിൽ വെച്ച് അവതരിപ്പിച്ചു. കേരളത്തിലെ വിദ്യാഭ്യാസ പദ്ധതിയെ സമഗ്രമായി വിലയിരുത്തി, ഒരു സമാന്തര വിദ്യാഭ്യാസ പരിപ്രേക്ഷ്യവും അതനുസരിച്ചുള്ള പാഠ്യപദ്ധതിയുടെ രൂപവും ആ രേഖയിൽ ഉൾക്കൊള്ളിച്ചിരുന്നു.

1.7 ഇതിനെ തുടർന്ന് 1986-ൽ ഒരു വിദ്യാഭ്യാസ കമ്മിഷൻ രൂപീകരിച്ച് കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് നടമാടിയിരുന്ന സ്ഥിതിയെ വിവിധകേന്ദ്രങ്ങളിൽവെച്ച് തെളിവെടുത്ത് ക്രോഡീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയുമുണ്ടായി. അക്കാലത്ത് വിവിധ മാധ്യമങ്ങളിലും വേദികളിലും ഈ റിപ്പോർട്ട് വ്യാപകമായി ചർച്ച ചെയ്യപ്പെട്ടു. അക്കാലത്ത് സ്വകാര്യ പോളിടെക്നിക്കുകൾക്കും സ്വകാര്യമേഖലയിലെ എം. ഡി. കോഴ്സിനും എതിരായ സമരങ്ങളിലും പ്രീ ഡിഗ്രിബോർഡ്, അംഗീകൃത സ്കൂളുകൾ, നവോദയ സ്കൂളുകൾ മുതലായവ സംബന്ധിച്ച സംവാദങ്ങളിലും പരിഷത്ത് ഏർപ്പെട്ടു. അതോടൊപ്പം ബാലോത്സവം, ബാലോൽസവജാഥ, ശാസ്ത്ര സഹവാസ ക്ളാസുകൾ, പരിസരപഠനം അക്ഷരവേദി മുതലായ നിരവധി ബോധനരൂപങ്ങൾ സ്കൂളിനകത്തും പുറത്തും പ്രയോഗിച്ചുനോക്കി. അധ്യാപകർക്കും വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും അവ പുതിയൊരു അനുഭവ

മായിരുന്നു. അക്കൂട്ടത്തിൽ ഏററവും ഒടുവിലത്തേതാണ് കഴിഞ്ഞവർഷം (1991നവംബറിൽ) പഞ്ചായത്തുകറംതോറും നടത്തിയ വിജ്ഞാനോൽസവങ്ങരം

18 എന്നാൽ മുകളിൽ സൂചിപ്പിച്ച തരത്തിലുള്ള പ്രക്ഷോഭപരവും സൃഷ്ടിപരവുമായ പ്രവർത്തനം തൃപ്തികരമല്ലാതാവുന്ന സ്ഥിതി 1980കളുടെ രണ്ടാം പകുതിയിൽ ഉണ്ടായി. കേന്ദ്രഗവൺമെൻറിൻെറ പുതിയ വിദ്യാഭ്യാസനയം (1986) പഴയനയത്തിൽ (1968) നിന്നു പലതു കൊണ്ടും വിഭിന്നമായിരുന്നു. വിദ്യാഭ്യാസത്തിൻെറ സമൂഹനിഷ്ഠ സ്വഭാവം വ്യക്തി നിഷ്ഠമാക്കി മാററുക. പുതിയ നയത്തിൻെറ ലക്ഷ്യമാണ്. അസമത്വം നിറഞ്ഞ സമൂഹത്തിൽ ഇതിനർത്ഥം വിദ്യാഭ്യാസത്തിൻെറ വരേണ്യവർഗാഭിമുഖ്യം ഗണ്യമായി വർധിപ്പിക്കുകയാണ് നവോദയ വിദ്യാലയവും ആട്ടോണമസ് കോളേജും അതിനുള്ള ഉപകരണങ്ങളാണ്. പരിഷത്തിൻെറയും വിദ്യാഭ്യാസത്തിൻെറ സമൂഹാഭിമുഖ്യവും സാർവത്രികതയും വളർത്തണമെന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ച മററു പല സംഘടനകളുടേയും പ്രതീക്ഷകരംക്ക് വിരുദ്ധമാണ് ഈ നയം. എന്നാൽ പുതിയ വിദ്യാഭ്യാസനയ വിമർശനത്തിൽ ഒതുങ്ങി നിൽക്കാതെ കേരളം നേരിടുന്ന പ്രധാന വിദ്യാഭ്യാസ പ്രശ്നങ്ങരംക്ക് പരിഹാരമാർഗം നിർദ്ദേശിക്കാനാണ് പരിഷത്ത് ഇവിടെ ശ്രമിക്കുന്നത്. കേരളം ഇന്ന് നേരിടുന്ന പ്രധാന വിദ്യാഭ്യാസ പ്രശ്നങ്ങരം മററ് സംസ്ഥാനങ്ങരം നാളെ നേരിടാൻ പോകുന്നവയായതിനാൽ ഈ പരിഹാര മാർഗത്തിന് അഖിലേന്ത്യാ പ്രസക്തിയുണ്ട്.

(ശേഷം അടുത്ത ലക്കത്തിൽ)

## ധനുവച്ചപുരം കോളേജിൽ ആർ. ആർ.സി. അനുസ്മരണം

പ്രൈവററ് കോളേജധ്യാപകരുടെ സംഘടിതപ്രസ്ഥാനം വളർത്തിയെടുക്കുന്നതിൽ ത്യാഗോജ്ജ്വലമായ പ്രവർത്തനമാണ് പ്രൊഫ. ആർ. ആർ. സി. നടത്തിയതെന്ന് പ്രൊഫ. ജി. മാധവൻ നായർ അഭിപ്രായപ്പെട്ടു. ധനുവച്ചപുരം കോളേജിൽ നടന്ന പ്രൊഫ. ആർ ആർ. സി. അനുസ്മരണ സമ്മേളനത്തിൽ പ്രൊഫ. എസ്. വി. വേണുഗോപൻനായർ അധ്യക്ഷതവഹിച്ചു. പ്രൊഫ. ടി. എൻ രാമൻപിള്ള പ്രൊഫ. മോഹനകൈമരം എന്നിവരും സംസാരിച്ചു. ബ്രാഞ്ച് സെക്രട്ടറി ഡോ. രാജേന്ദ്രൻ കൃതജ്ഞത പറഞ്ഞു.

## ആദരാഞ്ജലി



അന്തരിച്ച സോണിചാക്കോ

(കാഞ്ഞിരപ്പള്ളി സെൻറ് ഡൊമനിക് കോളേജ് എ കെ പി സി ടി. എ ബ്രാഞ്ചു സെക്രട്ടറി)

## പ്രൊഫ. ടി. വി. ജയിംസ് റിട്ടേണിംഗ് ഓഫീസർ

എ കെ പി സി ടി എ യുടെ ഈ വർഷത്തെ (94-95) തെരഞ്ഞെടുപ്പിൻെറ റിട്ടേണിംഗ് ഓഫീസറായി പ്രൊഫ ടി വി ജയിംസിനെ പ്രവർത്തകസമിതി നിയമിച്ചു.

വിലാസം:

പ്രൊഫ ടി. വി. ജയിംസ്,
കെമിസ്ട്രി വിഭാഗം,
ക്രൈസ്ററ് കോളേജ്,
ഇരിങ്ങാലക്കുട, തൃശ്ശൂർ

# ഗവ: ഉത്തരവ്

## GOVERNMENT OF KERALA

### Abstract

Establishment—Collegiate Education—provisional placement of Lecturers—principals etc. Date Extended—order issued

### HIGHER EDUCATION (F) DEPARTMENT

G.O. (Rt) No. 1880/93/H. Edn. Dated: Thiruvananthapuram, 9-12-93.

Read:- 1) G.O. (MS 149/91/H. Edn. dated 16-8-91.
2) G. O. (Rt) 1727/92/H. Edn. dated 16-11-92
3) D. O. Letters No. UGC Cell I (i) 11035/92/Coll. Edn. dated 6-9-93 and 2-11-93.


### ORDER

Government order that the date of provisional placement to the posts of Lecturers (Senior Scale) Lecturer (Selection Grade) Reader, Principal/ Principal Special Grade/Deputy Director of Collegiate Education and Additional Director of Collegiate Education without convening DPC/screening committee is extended till 31-3-94 or till the constitution of the screening/selection committee whichever is earlier.

BY ORDER OF THE GOVERNOR

K. R. Madhusoodanan Nair,
Under Secretary

## പി. ജെ. തോമസിന് ഡോക്ടറേറ്റ്



എൽത്തുരുത്ത് സെന്റ് അലോഷ്യസ് കോളേജ് അധ്യാപകൻ ശ്രീ. പി. ജെ. തോമസിന് കേരള സർവ്വകലാശാലയിൽ നിന്നും പൊളിറ്റിക്സിൽ ഡോക്ടറേറ്റ് ലഭിച്ചു. "The Role of Welfare Programmes in he Political Socialization of Scheduled Tribes in Attappady in Kerala". എന്നതായിരുന്നു വിഷയം

പി. ജെ. തോമസ് എ കെ പി സി ടി എ യുടെ സജീവ പ്രവർത്തകനാണ്.

Kerala private college teacher

monthly journal of the all kerala private college teachers' association

R.No. 36025/81 No. 117 Registered No. KLTV (N)35

# AKPCTA

# സംസ്ഥാന സമ്മേളനം

# കോഴിക്കോട്ട്

## 1994 മാർച്ച് 26, 27

വിദ്യാഭ്യാസ സമ്മേളനം

സാംസ്കാരിക സമ്മേളനം

പ്രകടനം

Printed and published by v. narayanankutty at chempaka printers
Thiruvananthapuram-4 phone : 442127 chief editor : sukumaran nair